# രണ്ട് ഖണ്ഡം.

Ulloor & Vallathol

Digitized By Kerala Sahitya Akademi

# രണ്ടു താരങ്ങൾ

ഗ്രന്ഥകർത്താക്കൾ,

**ഉള്ളൂർ & വള്ളത്തോൾ**

പ്രകാശകൻ,

**കെ. നാരായണൻ,**
'വിദ്യാരംഭം' പ്രസ്സ് & ബുക്കഡിപ്പോ,
മുല്ലയ്ക്കൽ, ആലപ്പുഴ.

(പകർപ്പവകാശം U. V. വായനശാലയ്ക്ക്)

രണ്ടാംപതിപ്പ് കാപ്പി 1000

"വിജ്ഞാനപോഷിണി" പ്രസ്സ്, കൊല്ലം

1123.

വായനശാലയുടെ മുദ്രയില്ലാത്ത പ്രതികൾ വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

# മിഥ്യാപവാദം

(വഞ്ചിപ്പാട്ട്)

1. വ്യവഹാരാസനത്തിങ്കൽ വിലസുന്ന സദസ്യനാ-
യവധാനപരൻ നൃപനജാതശത്രു;
സ്മൃതികൾതൻകെട്ടഴിച്ചു തിരയുന്നു [illegible]കളെല്ലാം ആ
പ്രഥിതരാം പ്രാഡ്വിവാകർ പ[illegible]തജ്ഞർ
നിറയുന്നു തെരുതെരെ നിരവധി പുരുഷാരം;
പരമാർത്ഥമറിയുവാൻ പ്രഭുവിൻമുമ്പിൽ.
അതിൻമട്ടൊരപചാരം—അതിജുഗുപ്സിതം[illegible]
മതുവരെക്കേട്ടോരല്ലമ്മഗധഭുവിൽ.

2. ഉടനുടൻ പടവോരോന്നയന്നിടും നെടുവീർപ്പാ-
ലുടലുലഞ്ഞൊളിമാഞ്ഞുകലഞ്ഞിടവേ;
കുടുകുടെയൊഴുകിടും ചുടുമിഴിയിണനീരിൽ-
ക്കുളുർകൊങ്കക്കുടം രണ്ടും മുഴുകിടവേ;
മഴമുകിൽതൊഴുമഴകെഴുമൊരുപുരികുഴ-
ലഴിഞ്ഞിഴഞ്ഞടിപററിപ്പൊടിപെടവേ;
വിളറിന കവിൾത്തടത്തെളിച്ചില്ലിൽ വിയർപ്പുനീർ-
വളർമുത്തിൻനിര [illegible]ടിഞ്ഞടന്നിടവേ;

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# പ്രസ്താവന

മഹാകവികളായ ഉള്ളൂരിനും വള്ളത്തോളിനും ഭാഷാലോകത്തിലുള്ള സ്ഥാനം ഞങ്ങളുടെ ഈ കൈത്തിരിയാൽ തെളിച്ചു കാട്ടേണ്ടുന്ന ഒന്നല്ല. കേരളസാഹിത്യനഭോമണ്ഡലത്തിന്റെ ദക്ഷിണോത്തരപ്രാന്തങ്ങളിലെ ഉജ്ജ്വലപ്രഭങ്ങളായ രണ്ടു താരങ്ങളാണവർ. പരമോച്ചങ്ങളും, സ്ഥിരപ്രതിഷ്ഠങ്ങളുമായ കാവ്യധ്വജങ്ങളിൽ അവരുടെ യശഃപതാകകൾ പാറിക്കൊണ്ടിരിക്കുന്നു. അഭൗമാനന്ദം തൂകുന്ന ആ പുണ്യാത്മാക്കളുടെ ഈ ഭൗതികാഗാരങ്ങൾതന്നെ ഈശ്വരകാരുണ്യത്താൽ അവ്യാകുലങ്ങളായി ആചന്ദ്രതാരം ആത്മസ്മാരകങ്ങളായി പ്രകാശിച്ചുകാണ്മാൻ ഞങ്ങൾ ആശംസിച്ചുകൊണ്ടുമിരിക്കെ, ആ മഹനീയനാമങ്ങളുടെ നിഴൽ പററിനിന്നു് ആവതും ലോകസേവനംചെയ്യുന്ന ഒന്നായല്ലാതെ, അവരുടെ സ്മരണയെ നിലനിർത്തുന്ന ഒരു സ്ഥാപനമെന്നു് ഈ 'ഉള്ളൂർവള്ളത്തോൾ' വായനശാലയെപ്പററി ലേശവും അഭിമാനിപ്പാൻ ഭാവമില്ല. ആ പ്രഭാപുഞ്ജങ്ങളുടെ കരാവലംബം ഉണ്ടെങ്കിൽ ഈഷന്മാത്രമെങ്കിലും ലോകാനുഗ്രഹം ചെയ്‌വാൻ ഈ ജഡമൂർത്തിക്കും കഴിഞ്ഞേക്കാവുന്നതാണല്ലോ. സ്വനാമധേയങ്ങളിൽ ഈ സ്ഥാപനത്തെ പ്രതിഷ്ഠിച്ചുകൊൾവാൻ ദയാപൂർവം അനുവദിച്ചുതന്ന ആ മഹാമനസ്കതയ്ക്കു് ഞങ്ങളുടെ വിനീതമായ നമസ്കാരം.

ഏതായാലും, പ്രസ്തുത മഹാകവികളോടുള്ള അളവററ ഭക്ത്യാദരങ്ങളുടെ ദൃശ്യചിഹ്നമായി ഈ വായനശാല 103 ധനുമാസം 1-ാംനു- തുറക്കപ്പെട്ടു. ആ ആനന്ദജ്ഞാനമൂർത്തികളുടെ ആശീർവർഷണത്തിന്റെ ഉറവു

Digitized By Kerala Sahitya Akademi

കളിൽ ഉദയംചെയ്തു—അതേ, സാക്ഷാൽ നാരായണപരമേശ്വരന്മാരോടുള്ള സമ്പർക്കത്താൽ പവിത്ര്യം സരസ്വതീസംസക്തവുമായ—ഈ ഗ്രന്ഥശാലാമന്ദാകിനി, ലോകത്തിന്നു സംസ്കൃതിയും ആത്മോൽക്കർഷവും നല്കിക്കൊണ്ടു് അതിന്റെ ലക്ഷ്യത്തിലേയ്ക്കു പ്രയാണംചെയ്തുകൊണ്ടിരിക്കുന്നു അകാലവർഷോദയത്തിൽ അതിർകവിഞ്ഞൊഴുകുന്ന ഒരു സൈകതസരിത്തിന്റെ ക്ഷണികോജ്ജ്വലഭാവം ഇതിന്നു് ഉണ്ടാകാത്തതിൽ ഞങ്ങൾക്കു കുണ്ഠിതമില്ല. സദ്ബോധത്തിന്റെയും, സത്സമുദായത്തിന്റെയും സങ്കേതമായി സാവധാനമായുള്ള ഇതിന്റെ സമുൽകർഷത്താൽ ഞങ്ങൾ സംതൃപ്തരാണു്. പ്രയോജനപ്രദങ്ങളായ പലതും പ്രവർത്തിച്ചുകൊണ്ടു് ഈ സ്ഥാപനശിശുവിന്റെ ജീവിതത്തിൽ ഇപ്പോൾ ഏഴുവർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇതിനകം സ്വദേശികളും വിദേശികളുമായ പല മഹാന്മാരും, വിശിഷ്യ, ഈ സ്ഥാപനത്തിന്നു് നിത്യാലംബങ്ങളായ മഹാകവികളും സന്ദർശനലാളനാദ്യനുഗ്രഹങ്ങളാൽ ഇതിനെ യഥാകാലം പുലർത്തിക്കൊണ്ടിരുന്നു എന്നും സന്തോഷപൂർവം പ്രസ്താവിച്ചുകൊള്ളട്ടെ.

ഈ ഗ്രന്ഥശാലയുടെ പോഷണത്തെ ഉദ്ദേശിച്ചാണു് ഞങ്ങൾ ഒരു പ്രബന്ധപ്രസാധനപ്രസ്ഥാനത്തിൽ കാലൂന്നിയതു്. ഗദ്യപദ്യമിശ്രിതവും ബൃഹത്തരവുമായ ഒന്നിനുവേണ്ടിയായിരുന്നു ഞങ്ങളുടെ പ്രഥമശ്രമമെങ്കിലും, കാലോചിതബുദ്ധി അതിനെ ഈ രൂപത്തിലേക്കാണു് നയിച്ചതെന്നേ പറയേണ്ടതുള്ളു. ആ ഉദ്യമത്തിൽ ദയാപൂർവം ഞങ്ങളുടെ അപേക്ഷയെ സാധിച്ചുതന്ന ഗുരുവൃദ്ധനായ ശ്രീമാൻ ആർ. ഈശ്വരപിള്ള, ശ്രീമാൻ ഡി. പത്മനാഭനുണ്ണി മുതലായവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയും, ആ വിദ്വന്മൌലികളുടെ ഉപന്യാസരത്നങ്ങൾ മാച്ചുവച്ചിരിക്കുന്ന ഞങ്ങളുടെ കൃത്യവിലോപ

Digitized By Kerala Sahitya Akademi

ഒത്ത മഹാജനങ്ങൾ അല്പകാലത്തേയ്ക്കു ക്ഷമിക്കണമെന്ന പേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

‘ഉള്ളൂർ വള്ളത്തോൾ’ വായനശാലയുടെ പ്രസിദ്ധീകരണപ്രവൎത്തനത്തിൽ മുന്നോടിയായിരിക്കുന്നതിൽ ഇതിന്നു് അല്പം പ്രസക്തിയില്ലാതെ വരികയില്ലെന്നാണു് ഞങ്ങളുടെ വിനീതമായ വിശ്വാസം. ഉള്ളൂരിന്റെയും വള്ളത്തോളിന്റെയും നിസൎഗ്ഗസുന്ദരങ്ങളായ രണ്ടുമൂന്നു കവനതല്ലജങ്ങൾ, ഉചിതമെന്നു ഞങ്ങൾക്കു തോന്നിയ ചില ഉപസംവിധാനങ്ങളോടുകൂടി മഹാജനസമക്ഷം പ്രദൎശിപ്പിക്കുകമാത്രമേ ഇതിൽ ചെയ്തിട്ടുള്ളൂ. സാധാരണ വായനക്കാൎക്കു് അല്പമെങ്കിലും ഉപകാരപ്രദമായേക്കുമെന്ന വിശ്വാസത്താൽ ഇതിൽ ചേൎത്തിട്ടുള്ള മഹാകവികളുടെ ജീവിതചരിത്രസംഗ്രഹം ആസന്നഭാവിയിൽ ഞങ്ങൾ പ്രസിദ്ധീകരിപ്പാനുദ്ദേശിക്കുന്ന വിപുലതരങ്ങളായ ജീവിതചരിത്രങ്ങളുടെ ‘ഗണപതിക്കുറിപ്പാ’കുന്നു എന്നു്, ഇന്നത്തെ ആശാകന്ദളമാണു് നാളത്തെ വിചാരസൂനവും മററന്നാളത്തെ പ്രവൃത്തിഫലവുമായിക്കാണുന്നതെന്ന തത്വത്തെ മുൻനിൎത്തി ധൈൎയ്യംകൊണ്ടു പ്രസ്താവിച്ചുകൊള്ളുന്നു. ഇച്ചെയ്തിട്ടുള്ള സങ്കലനങ്ങൾ ഇതിന്റെ രസോപഭോഗത്തിന്നു് അല്പമെങ്കിലും സാഹായ്യകമാകുമെങ്കിൽ കൃതകൃത്യതയുണ്ടു്. അല്ലെങ്കിൽ ‘കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം’ എന്ന കവിവാക്യംതന്നെ ആശ്വാസവും നൽകും.

ഈ സന്ദൎഭത്തിൽ ഞങ്ങൾക്കുള്ള കടപ്പാടുകളെപ്പററിയും അല്പമൊന്നു സ്മരിച്ചുകൊള്ളട്ടെ. ഗ്രന്ഥസംരംഭത്തിനു് ആരുടെ സന്മനോഭാവം ആസ്പദമായിരിക്കുന്നുവോ ആ മഹാകവികളോടുള്ള ആധമൎണ്യം ഒരുതരത്തിലുള്ള പ്രകടനംകൊണ്ടും പരിഹൃതമാകയില്ലെന്നുള്ള ഇതന്നെ തല്ക്കാലസമാധാനം. നിഷ്പൃഹാശയങ്ങളായ ഈ

Digitized By Kerala Sahitya Akademi

കവിതാഹ്രദങ്ങളിൽ അവഗാഹനംചെയ്തു് അർത്ഥരത്നങ്ങളെ ഉദ്ധരിച്ചു് സാമാന്യലോകത്തിനു് കാട്ടിക്കൊടുപ്പാൻ സന്നദ്ധത പ്രദർശിപ്പിച്ച മെ: സി. എസ്സ്. സുബ്രഹ്മണ്യൻപോററി, എൻ. നാരായണൻ ഇളയതു് എന്നീ സഹൃദയന്മാരോടു് ഞങ്ങൾ അത്യന്തം കൃതജ്ഞരായിരിക്കുന്നു. പ്രത്യേകിച്ചും ആദിഘട്ടത്തിൽതന്നെ, ഈ വായനശാല സന്ദർശിക്കയും വേണ്ടുന്ന ഉപദേശങ്ങൾ നല്കുകയും ചെയ്തു് ഇതിന്റെ ഒരു നിത്യശുഭകാംക്ഷിയായിരിക്കുന്ന മി: പോററിയിൽനിന്നു ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ ഞങ്ങൾ ആദരപൂർവ്വം സ്മരിച്ചുകൊള്ളുന്നു. ഞങ്ങളുടെ അപേക്ഷാനുസരണം സരസമായ ഒരവതാരിക എഴുതിത്തന്നു് ഞങ്ങളുടെ ഈ വ്യവസായത്തിൽ പങ്കുകൊണ്ട പ്രശസ്തവാഗ്മിയായ ശ്രീമാൻ മഞ്ചേരി രാമകൃഷ്ണയ്യരവർകളോടും ഞങ്ങൾക്കുള്ള കൃതജ്ഞത നിഷ്കളങ്കവും നിസ്സീമവുമാണു്.

ഞങ്ങൾ ആവശ്യപ്പെട്ടതനുസരിച്ചു് ഉള്ളൂരിന്റെ ബ്ലോക്കു് അയച്ചുതന്നു് സഹായിച്ച സൗജന്യനിധികളായ മാതൃഭൂമിപ്രവർത്തകന്മാരോടും ഞങ്ങൾക്കുള്ള കൃതജ്ഞത ഇവിടെ തന്നെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഈ നവവത്സരത്തിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ കാണിക്കാഴ്ച അതർഹിക്കുന്ന ഉദാരവീക്ഷണത്തോടെ മഹാജനങ്ങൾ കൈക്കൊള്ളുമാറാകട്ടെ!

എന്നു്,
പ്രസാധകന്മാർ.

വാടയ്ക്കൽ,
24—1—1111.

Digitized By Kerala Sahitya Akademi

# അവതാരിക.

ഈ ചെറുപുസ്തകത്തിന്റെ പ്രണേതാക്കൾ ശ്രീമാന്മാരായ ഉള്ളൂർ പരമേശ്വരയ്യരവർകളും വള്ളത്തോൾ നാരായണമേനവൻ അവർകളും ആണു്. എന്റെ മാന്യസ്നേഹിതന്മാരായ അവരെപ്പററി എനിക്കു വല്ലതൊക്കെ അധികാരപൂർവ്വം ഉപന്യസിക്കാൻ കഴിയുമെങ്കിലും, അവരെ മലയാളികൾക്കു പരിചയപ്പെടുത്താൻ മുതിരുന്നതു് ഉപഹാസ്യമായ സാഹസമായിരിക്കും. എന്നോടു് ഈ ഗ്രന്ഥത്തിനു് ഒരവതാരിക ആവശ്യപ്പെട്ട പ്രവർത്തകന്മാർ അങ്ങനെ ഒന്നുദ്ദേശിച്ചിരിക്കുമെന്നും തോന്നുന്നില്ല.

'ഉള്ളൂർ വള്ളത്തോൾ' വായനശാലയുടെ ഒരോണക്കാഴ്ചയായിട്ടത്രെ ഈ ലഘുഗ്രന്ഥം മഹാജനഹസ്തങ്ങളിൽ സമർപ്പിക്കപ്പെടുന്നതു്. അതു കാലോപപന്നംതന്നെ. "സർവ്വാഭീഷ്ടസാധകപ്രസാദ"യായ കേരളഭൂമി ഫലസസ്യാഢ്യയായും അതിലെ ജനങ്ങൾ കലാകൗതുകികളായും ഉല്ലസിക്കുന്ന ഘട്ടം വത്സരത്തിൽ ഇതുപോലെ മററില്ലല്ലോ. സമുചിതങ്ങളായുള്ള ദയാദാക്ഷിണ്യങ്ങളെ അകിഞ്ചനന്മാരിലേക്കാവാഹിക്കുന്ന വിശിഷ്ടങ്ങളായ പ്രകൃതിപ്രഭവങ്ങൾ അഭ്യുന്നതകരങ്ങളെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്ന സമയമത്രേ ഇതു്. ഈ അവസരത്തിൽ ഉദാരമതികളായ കേരളീയരുടെ സമക്ഷം ഉപായനീകരിക്കുന്നവയും പ്രകൃതിപ്രഭവങ്ങളും ആയ ഈ ഉത്തമസാഹിത്യഫലങ്ങൾ സർവ്വോപരി സമാദരണീയങ്ങളാണു്.

തമസ്സങ്കുലമായ ഈ സംസാരത്തിൽ ഈ "രണ്ടു താരങ്ങൾ" വീശുന്ന കിരണകന്ദളങ്ങൾ ചെററൊരു കൺതെളിവേകുന്നെങ്കിൽ അതു പ്രാർത്ഥനീയമല്ലേ?

ഇതിൽ ഒന്നാമതായി കാണുന്നതു് ഉള്ളൂരിന്റെ 'അക്കരപ്പച്ച' എന്ന കവിതയാണു്.

Digitized By Kerala Sahitya Akademi

'ഈയക്കരപ്പച്ച പതിച്ചഗോവിൻ

രോമന്ഥമിപ്പോളനുതാപശഷ്പം' എന്ന കവി അന്യത്ര ഉല്ലേഖനം ചെയ്തിട്ടുള്ളതായി ഓർക്കുന്നു. 'സ്വപ്നദർശന'ത്തിൽ ബീജാവസ്ഥയിലിരുന്ന ആ ആശയമായിരിക്കാം, 'അന്നും ഇന്നും' എന്ന കവിതയിലെ "അക്കർണ്ണനമതേ കർണ്ണൻ........" ഇത്യാദി വരികൾ 'കർണ്ണഭൂഷണ'മായി പരിണമിച്ചതുപോലെ ഈ "അക്കരപ്പച്ച"യായി ഇപ്പോൾ വികാസം പ്രാപിച്ചിട്ടുള്ളത്. അന്യവും അലഭ്യവും ആയതിൽ വ്യാമോഹിക്കാതെ സ്വായത്തമായതിന്റെ മാഹാത്മ്യത്തെ യഥാതഥം ഗ്രഹിക്കുക; അതിൽ ആനന്ദിക്കുക; എന്നുള്ളത് അദ്ദേഹത്തിന്റെ നിയതമായ സന്ദേശമാണെന്നു തോന്നുന്നു. ഉൽകർഷാഭിനിവേശത്തെയോ ഉദ്യമോന്മുഖതയേയോ ഇതു നിഷേധിക്കയോ നിയന്ത്രിക്കയോ ചെയ്യുന്നില്ല. നന്നെന്നു നമുക്കു തോന്നുന്നതു പലതും നമുക്കു ലഭിക്കാത്തതുതന്നെയാണ് ഭാഗ്യം. വിചാരമാത്രത്തിൽ അതു സാധ്യമായതാണ് ആ ബാലന്നു വന്ന ദുർഭാഗ്യവും. നമുക്കു നല്ലതായുള്ളതിനെ തിരഞ്ഞെടുപ്പാൻ നമ്മുടേതിനേക്കാൾ ആ ലോകപിതാവിന്റെ കരങ്ങൾതന്നെയാണ് കുശലങ്ങളായിരിക്കുന്നത്.

'പ്രകൃതിയുടെ മനോരാജ്യം' 'നാല്ക്കാലിയും ഇരുകാലിയും' എന്ന രണ്ടു കവിതകൾ വള്ളത്തോളിന്റേതായി കാണുന്നു. മനുഷ്യഹൃദയത്തിൽ ഒരന്തമില്ലാതെ ഏറിയും ഇറങ്ങിയുംകൊണ്ടിരിക്കുന്ന അവ്യക്തരൂപങ്ങളും സാന്ത്വരഹിതങ്ങളും ആയ വിലോലമനോരഥങ്ങളെ പ്രകൃതിയുടെ ചിത്രപടത്തിലൂടെ പ്രദർശിപ്പിച്ചിട്ടുള്ളത് എത്രയും അനുഭവരസ്യമായിരിക്കുന്നു. ലോകത്തിന്റെ ഇന്നുള്ള അവസ്ഥയിൽ അസഹായനായ മനുഷ്യന്റെ ഈദൃശബാലിശതങ്ങളെ, കവി സാധൂകരിക്കതന്നെ ചെയ്യുന്നു.

"ഭയവും........................ഞാൻ?"

Digitized By Kerala Sahitya Akademi

എത്ര ഹൃദയസ്പർശിയായ പരിദേവനം!

ഉൽകൃഷ്ടതരങ്ങളായ ആദർശങ്ങളിൽ അനവഹിതമായിക്കഴിയുന്ന മനുഷ്യജാതിക്ക് ഒരുദ്ബോധനമാണിതെന്നുകാണുന്നത് സ്വാർത്ഥതയും ദുഷ്കൃത്യകാസക്തിയും മനുഷ്യനെ അപകർഷിപ്പിച്ചിരിക്കുന്നു.

പ്രപഞ്ചം ഭോഗ്യബഹുലമായി, വശീകരണക്ഷണമായി നിലകൊള്ളുന്നു. വിജ്ഞന്മാർ അതിൽ അലസദൃഷ്ടികളായിരിക്കുന്നു. അവരുടെ ഉന്നം ഉന്നതതരമാണ്. മൃദുസ്വരമായ അവരുടെ സൂക്തികൾക്കു സ്ഥാനമില്ല. തമോവൃതമായ ലോകമാകെത്തന്നെ അതിൽ അതിവേലം ലോലുപമായിരിക്കുന്നു. ആ ആത്മവശത്തിൽ മനുഷ്യൻ കേവലം മൃഗസ്വഭാവനായിത്തീരുന്നു. അഥവാ, ഭോഗാസക്തിയിൽ മൃഗത്തിനു മാതൃകയായിത്തീരുന്നു മനുഷ്യൻ എന്നു പറയണം.

"ഭൂയിഷ്ഠദുഷ്കൃത്യകസക്തിയാൽ തുല്യർതാൻ
നീയുമിരുകാലിയായതാനു."

എന്നാൽ ഈ അവസ്ഥയിലും അല്പംകൂടി കരുതലുള്ളതായിരിക്കും മൃഗം എന്നൊരു വിശേഷംകൂടിയുണ്ട്. മനീഷിയായ മാനുഷനല്ലേ ചെന്നായെപ്പോലെ അവനെ ആക്രമിപ്പാൻ സമീപിച്ചിരിക്കുന്ന മരണത്തെ കാണാതിരിക്കുന്നുള്ളു. അത്ര അധോഗമിച്ചിരിക്കുന്നു ലോകത്തിന്റെ ലക്ഷ്യം! അസ്ഥിരവും അനഭിലഷണീയവും ആയതിനെത്തന്നെ അനുധാവനംചെയ്യാതെ, മരണാനന്തരവും സൗഭാഗ്യലാഭത്തിന്ന് ഔപയികമായ ആദർശങ്ങളിലേക്ക് നമ്മെ ഉന്നയിക്കാ എന്നാവാം കവി ഉദ്ബോധിപ്പിക്കുന്നതു്.

ഇങ്ങനെ ഈ കവിതകൾ ഉൽകൃഷ്ടതമങ്ങളായ കാവ്യധർമ്മങ്ങളെ നിർവഹിക്കുന്നതു കാണുക. ഈ ധാർമികാവ്യങ്ങളുടെ ഭാവനാഭംഗിയേയോ, വർണ്ണനാവൈശിഷ്ട്യത്തേ

Digitized By Kerala Sahitya Akademi

യോ, ചമൽക്കാരചാരുതയേയോ, അൎത്ഥാഗാധതയെയോ പററി വിചാരണചെയ്വാൻ ആമൂലാന്തമായ ഒരു ചൎച്ചയ്ക്കു ഞാൻ ഒരുമ്പെട്ടിട്ടില്ല. പരോപകാരാൎത്ഥം പ്രവൎത്തിക്കുന്ന പ്രസ്തുത ഗ്രന്ഥമാല, ഈ സന്ദൎഭത്തിൽ കേരളീയരുടെ മുൻപാകെ സമൎപ്പിക്കുന്ന ഈ കാണിക്കാഴ്ച, എല്ലാംകൊണ്ടും ആഹ്ലാദപൂൎവ്വം സ്വീകരിക്കപ്പെടേണ്ടതാണെന്നേ എനിക്കു പറവാനുള്ളൂ.

വസ്തുഗുണാസ്വാദനത്തിൽ നിൎമ്മാതാക്കളെപ്പററിയുള്ള വിജ്ഞാനം സഹജവും, അതിന്റെ പരിഹാരം അത്യന്താപേക്ഷിതവുമാണ്. അതിനാൽ സംക്ഷിപ്തമായെങ്കിലും ഇതിൽ ചേൎത്തുകാണുന്ന കവികളുടെ ജീവിതചരിത്രങ്ങൾ അത്യന്തം ഉപകാരപ്രദമെന്നുള്ളതിൽ സംശയമില്ല. വിസ്തൃതങ്ങളായ ജീവിതചരിത്രങ്ങൾ പ്രസിദ്ധീകരിപ്പാനുള്ള പ്രവൎത്തകന്മാരുടെ ഉദ്യമം സഫലമായിത്തീരട്ടെ എന്നാശംസിക്കയും, ഈദൃശപരിഷ്കരണങ്ങളോടെ ഇങ്ങനെ ഒരു പ്രബന്ധരത്നം തേടിപ്പിടിച്ച് കേരളഭാഷായോഷയുടെ ഗളതലത്തിൽ അണിയിച്ചതിൽ അവരെ ഹൃദയംഗമമായി അഭിനന്ദിക്കയും ചെയ്തുകൊള്ളുന്നു.

വിശേഷാന്തരപഥത്തിലൂടെ, വിഗതസ്വാൎത്ഥമായി, ആൎക്കും അസൂയാൎഹമാംവണ്ണം ലോകസേവനം ചെയ്യുന്ന എന്റെ ശ്രേഷ്ഠമിത്രങ്ങളായ ഈ മഹാകവികൾ ഇഹപരങ്ങളിലേക്കാൎജ്ജിക്കുന്ന പുഷ്കലമായ പുകഴും പുണ്യവും, കണ്ടുകണ്ടിരിക്കുന്നതുതന്നെ എനിക്കുള്ള നിൎവ്വൃതി.

ഈ ഗ്രന്ഥത്തെ അനുഗ്രഹബുദ്ധ്യാ വീക്ഷിപ്പാൻ തയാറായിനില്ക്കുന്ന സൂജനങ്ങളുടെ മുൻപാകെ അവതരിപ്പിച്ചുകൊള്ളുന്നു.

Alleppey,
20—1—1111.

മഞ്ചേരി രാമകൃഷ്ണയ്യർ,
ബി. ഏ., എൽ. റി.

Digitized By Kerala Sahitya Akademi

# മഹാകവി ഉള്ളൂർ.

പ്രസ്തുതനായ മഹാകവിയുടെ നാമാനുഷംഗത്താൽ പ്രഖ്യാതമായിട്ടുള്ള ദേശം തിരുവനന്തപുരത്തിനടുത്തുള്ള ഉള്ളൂരാണല്ലോ. അനേകശതാബ്ദങ്ങൾക്കുമുൻപ് കോലത്തുനാട്ടിൽനിന്ന് ഉപനിവേശംചെയ്തതും, സുചിരകാലം തിരുവിതാംകൂർ രാജവംശത്തെ സേവിച്ചുവന്ന പൂർവ്വപരമ്പരയാൽ അലംകൃതവുമായ അദ്ദേഹത്തിന്റെ കുടുംബം അവിടെയാണ് സ്ഥിതിചെയ്യുന്നതു്. എന്നാൽ ആ മഹാനുഭാവന്റെ ജന്മത്താൽ സമ്പൂജ്യമായിട്ടുള്ളതു് അദ്ദേഹത്തിന്റെ സാഹിത്യാചാര്യനായ കേരളകാളിദാസന്റെ പ്രഥമഭൂസ്പർശസഞ്ജാതമായ ചങ്ങനാശേരിയാണെന്ന് അധികംപേർ അറിഞ്ഞിട്ടില്ലായിരിക്കാം.

1877 ജൂൺ 6-ാംനു-യ്ക്കു് ശരിയായ കൊല്ലവർഷം 1052 ഇടവം 25-ാംനു- വ്യാഴാഴ്ച പരമേശ്വരയ്യരവർകൾ ചങ്ങനാശേരി പെരുന്നയിൽ താമരശ്ശേരി ഇല്ലംവക ഒരു ഗൃഹത്തിൽ ജാതനായി. പിതാവായ സുബ്രഹ്മണ്യയ്യരവർകൾ ഔദ്യോഗികചര്യയിൽ അന്നവിടെ താമസിച്ചിരുന്നു. അദ്ധ്യാപകനായും സ്കൂൾഇൻസ്പെക്ടരായും അദ്ദേഹത്തിന്റെ അവിടെയുള്ള ജീവിതം, പുത്രൻ അനന്തരകാലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുള്ള ഗുണപൗഷ്കല്യങ്ങൾ എല്ലാം സ്വാർജ്ജിതങ്ങൾതന്നെ അല്ലെന്നു വെളിവാക്കുന്നതായിരുന്നു. ഒരു നല്ല പ്രസംഗപടുവായിരുന്ന അദ്ദേഹത്തെ ആ പ്രദേശങ്ങളിൽ നാട്ടുഭാഷാവിദ്യാഭ്യാസത്തിനു ബീജാവാപംചെയ്ത ആൾ എന്ന് കൃതജ്ഞതാപൂർവം ഇന്നും അവിടെയുള്ളവർ അനുസ്മരിക്കാതെയിരിക്കുന്നില്ല.

Digitized By Kerala Sahitya Akademi

# വിദ്യാഭ്യാസം.

മലയാളത്തിലെന്നപോലെ സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള പ്രാഥമികവിദ്യാഭ്യാസം ചങ്ങനാശേരിയിൽത്തന്നെ കഴിഞ്ഞു. "കവിരാജനും രാജകവിയു"മായ ചങ്ങനാശേരി ലക്ഷ്മീപുരത്തു രവിവൎമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ സമക്ഷത്തുനിന്നാണ് കുമാരസംഭവനൈഷധീയചരിതങ്ങളും, സുഭദ്രാഹരണദൂതവാക്യാദിചമ്പുക്കളും, അഭിജ്ഞാനശാകുന്തളവും അധ്യയനം ചെയ്തതു്. അക്കാലത്തുതന്നെ ചങ്ങനാശേരി സൎക്കാർ ഇംഗ്ലീഷ് മിഡിൽസ്കൂളിലും ചേൎന്നു പഠിച്ചുവന്നു. മെസ്സേഴ്സ് ചങ്ങനാശേരി പരമേശ്വരൻപിള്ള, വി. എസ്. സുബ്രഹ്മണ്യയ്യർ ഇവർ ആ സ്കൂളിൽ അദ്ദേഹത്തിന്റെ സതീൎത്ഥ്യന്മാരായിരുന്നു എന്നുള്ളതും പ്രസ്താവ്യമാണ്. അവിടെനിന്നു് തിരുവനന്തപുരത്തു ഫോൎട്ട്ഹൈസ്കൂളിലും പിന്നീട് മഹാരാജാസ് കാളേജിലും ചേൎന്നു വായിക്കയും 1897-ൽ തത്വശാസ്ത്രം (Philosophy) ഐച്ഛികവിഷയമായി സ്വീകരിച്ച് ഒന്നാംക്ലാസ്സിൽ വിജയം നേടുകയും ചെയ്തു.

# ഔദ്യോഗികജീവിതം.

ആദ്യം കുറഞ്ഞൊരുകാലത്തെ അധ്യാപകവൃത്തിക്കുശേഷം 1900-ത്തിൽ സൎക്കാർസൎവീസിൽ പ്രവേശിച്ചു. എത്നോഗ്രാഫിക്സൎവെ അസിസ്റ്റന്റ്, തഹശീൽ മജിസ്ട്രേട്ട്, ഡിസ്ട്രിക്ട് മുൻസിഫ്, ഗവൎമ്മെന്റ് സെക്രട്ടറി, ആക്ടിംഗ് ചീഫ്സെക്രട്ടറി എന്നീ പദങ്ങളിലും പിന്നീട് 1925-ൽ ദിവാൻപേഷ്കാർ ഉദ്യോഗത്തിലും നിയമിക്കപ്പെട്ടു. റവന്യൂകമ്മീഷണരായും കുറച്ചുകാലം ജോലിനോക്കി. അനന്തരം സൎവ്വീസിൽനിന്നു് പെൻഷൻപററി പിരിഞ്ഞു.

Digitized By Kerala Sahitya Akademi

ഇക്കാലത്തും തന്റെ ധിഷണാവൈഭവവും പ്രവൃത്തിപാടവവും നിസ്തന്ദ്രതയും അദ്ദേഹത്തെ വെറും യാന്ത്രികമായി വേലചെയ്യുന്ന ഒരു സാമാന്യോദ്യോഗസ്ഥനായിരിക്കുന്നതിനനുവദിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ നാനാമുഖങ്ങളായി വ്യാപരിച്ചു. തിരുവിതാംകൂർ പുരാണവസ്തുസംരക്ഷകസമിതിയിലെ അംഗം, നാട്ടുഭാഷാവിദ്യാഭ്യാസക്കമ്മിററിയിലെ അംഗം, പരീക്ഷബോർഡിലെ അംഗം, പാഠപുസ്തകക്കമ്മിററിയിലെ അംഗം, മലയാളപുസ്തകനിർമ്മിതിക്കമ്മിററിയിലെ അംഗം, പാഠവിഷയപരിശോധകക്കമ്മിററിയിലെ അംഗം, പബ്ലിക്‌ലൈബ്രറിക്കമ്മിററിയിലെ അംഗം എന്നിങ്ങനെ പല നിലകളിലും അദ്ദേഹം രാജ്യസേവനം ചെയ്തിട്ടുണ്ട്. ശമ്പളപരിഷ്കരണക്കമ്മിററിയിലെ അംഗവും സെക്രട്ടറിയു എന്നനിലയിൽ അദ്ദേഹത്തിന്റെ സേവനം അത്യന്തം വിലമതിക്കപ്പെട്ടിട്ടുള്ളതാണ്. 97-ൽ പരിഷ്കരിക്കപ്പെട്ട നിയമസഭയിലെ ആദ്യത്തെ സെക്രട്ടറിയായിരിക്കയും ആ തുറയിൽ പ്രശസ്തമായി പ്രവൃത്തിനോക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ ഗവമ്മെൻറിനുവേണ്ടി പല മോണോഗ്രാഫുകളും അദ്ദേഹം തയാർ ചെയ്തിട്ടുണ്ട്. ബട്ളർ കമ്മാററിമുൻപാകെ സമർപ്പിക്കുവാൻ മെമ്മോറാൻഡം ചമയ്ക്കുന്നതിന മഹാറാണിറീജൻറുതിരുമനസ്സുകൊണ്ടു പ്രത്യേകമായി നിയോഗിച്ചതു് അദ്ദേഹത്തെ ആയിരുന്നു. തത്സംബന്ധമായി അദ്ദേഹത്തിന്റെ ശ്രമം ഗവർമ്മെൻറിനാൽ യഥാർഹം സമ്മാനിതമായിട്ടുണ്ട്. യൂറോപ്യൻ യുദ്ധകാലങ്ങളിൽ തിരുവിതാംകൂർ സമരസങ്കടനിവാരണക്കമ്മിററി സെക്രട്ടറിയായും സ്തുത്യർഹമാംവണ്ണം പ്രവർത്തിച്ചിട്ടുണ്ട്. സർവകലാശാലാപരീക്ഷക സംഘത്തിന്റെ അദ്ധ്യക്ഷൻ, അവിടത്തെ മലയാള പാഠ്യപുസ്തകനിർണ്ണയ സമിതിയിലെ അംഗം എന്നീ നിലകളിൽ കഴിഞ്ഞ മുപ്പതിൽപരം

Digitized By Kerala Sahitya Akademi

വത്സരങ്ങളായി മദ്രാസ് സർവകലാശാലയോട് അദ്ദേഹം നിത്യബദ്ധനായിട്ടാണിരുന്നിട്ടുള്ളതു്. 1929 ഫെബ്രുവരിയിൽ സിൻഡിക്കേററിന്റെ ക്ഷണമനുസരിച്ചു് മണിപ്രവാളസാഹിത്യത്തെ മുൻനിർത്തി ഒരു പ്രസംഗപരമ്പര നടത്തുകയുണ്ടായി. മദ്രാസ് സർവകലാശാലാ മലയാളം ഫണ്ടു് ബോർഡിൽ തിരുവിതാംകൂറിനെ പ്രതിനിധീകരിക്കുന്നതിനും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. കൊച്ചിരാജ്യത്തിലെ ബോർഡു് ഓഫ് സ്റ്റഡീസ്സിലും അദ്ദേഹം ഒരംഗമാണു്.

## ഇതരപദങ്ങൾ.

വൈജ്ഞാനികങ്ങളും സാഹിത്യപരങ്ങളുമായി ഇൻഡ്യയിലും പുറമെയും ഉള്ള അനവധി സമിതികളോട് അദ്ദേഹം സംബന്ധിച്ചിട്ടുണ്ടു്. ഗ്രേറബ്രിട്ടനിലുള്ള റോയൽ ഏഷ്യാററിക് സൊസൈററി, റോയൽ സൊസൈററി ഓഫ് ലിററേച്ചർ (Royal Society of Literature) റായൽ സൊസൈററി ഓഫ് ആർട്ട്സ് (Royal Society of Arts) ഗ്രന്ഥകർത്തൃസംഘം, (Society of Authors) ഫോക്ക്ലോർ സൊസൈററി, (Folk-Lore Society) ഈസ്റ്റിൻഡ്യൻ അസോസ്സ്യേഷൻ (East Indian Association) ബംഗാളിലുള്ള ഏഷ്യാററിക് സൊസൈററി ഇങ്ങനെ അനേകം സംഘങ്ങളിൽ ഇദ്ദേഹം അംഗമായിരുന്നിട്ടുണ്ടു്. ഇപ്രകാരം സ്വദേശത്തെന്നപോലെ വിദേശങ്ങളിലും, അദ്ദേഹത്തിന്റെ പ്രവൃത്തികൾക്കുള്ള പ്രചാരം പ്രകൃഷ്ടമത്രേ. പരമേശ്വരയ്യരവർകളുടെ ബഹുമുഖങ്ങളായ സേവനങ്ങളെ അനുസ്മരിച്ചും അഭിനന്ദിച്ചും, ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു് ഒരു **വീരശൃംഖലയും** കൊച്ചീമഹാരാജാവു തിരുമനസ്സുകൊണ്ടു് **കവിതിലകൻ** എന്ന ബിരുദവും

Digitized By Kerala Sahitya Akademi

കീൎത്തിമുദ്രയും, വൈസ്രോയി അവൎകൾ **റാവുസാഹിബ്** എന്ന സ്ഥാനവും അദ്ദേഹത്തിനു പ്രദാനം ചെയ്തിട്ടുണ്ടെന്നുള്ള വസ്തുതയും ഇവിടെ സ്മൎത്തവ്യമാണു്. ചക്രവൎത്തിതിരുമനസ്സിലെ രജതജൂബിലിമഹം സംബന്ധിച്ചു് ഒരു **രജതമുദ്രയും** അദ്ദേഹത്തിനു ലഭിക്കയുണ്ടായി.

കേരളവൎമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിൽനിന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതു നോക്കുക. "ജ്ഞാനത്തിന്റെ വൈപുല്യവും ധാരണാശക്തിയുടെ ദാൎഢ്യവും മി: പരമേശ്വരയ്യരിൽ ഏററവും സ്ഫുടതരമായ രണ്ടു ഗുണങ്ങളാണു്. നാനാവിഷയങ്ങളിലും അദ്ദേഹം നേരിട്ടു സമാൎജ്ജിച്ചിട്ടുള്ള ജ്ഞാനത്തിന്റെ സംഭാരം കേവലം വിസ്മയാവഹമെന്നേ പറയേണ്ടു. ഇരുളിലും പിടികിട്ടാതെയും കിടക്കുന്ന പ്രാചീനകേരളത്തിന്റെയും, പ്രാചീനകേരളീയസാഹിത്യത്തിന്റെയും ചരിത്രത്തിൽ അദ്ദേഹത്തെ ഒരു തികഞ്ഞ പ്രാമാണികനായിത്തന്നെ പണ്ഡിതന്മാർ ന്യായമായി പരിഗണിച്ചുവരുന്നു. ഒരു മലയാളകവിയും പണ്ഡിതനും നിരൂപകനും എന്നീ നിലകളിൽ കേരളസാഹിത്യകാരന്മാരിൽ അദ്ദേഹത്തിനുള്ള അഗ്രിമതയോ വാഗ്മികളിൽ അദ്ദേഹത്തിനുള്ള അദ്വിതീയതയോ ഇവിടെ എടുത്തുപറയേണ്ടതില്ല." ലോകാരാധ്യനായ ആ സാഹിത്യസമ്രാട്ടിൽനിന്നു ലഭിച്ച ഈ സമ്മതിപത്രം അതിശയോക്തിസ്പൃഷ്ടമോ ശിഷ്യവാത്സല്യമസൃണിതമോ അല്ല. മററുള്ള മഹിമകൾ എത്രതന്നെ ഉന്നതങ്ങളായിരുന്നാലും ഒരുത്തമകേരളീയസാഹിത്യകാരൻ എന്ന പദത്തിലാണു് അദ്ദേഹത്തിന്റെ യശഃസ്തംഭം സുസ്ഥിരമായി പ്രതിഷ്ഠാപിതമായിരിക്കുന്നതു് എന്നുതന്നെ പറയണം.

Digitized By Kerala Sahitya Akademi

## 6

# സാഹിത്യവ്യവസായങ്ങൾ.

ഉള്ളൂരിന്റെ സാഹിത്യപരിശ്രമങ്ങളെപ്പററി വിചാ
രംചെയ്യുമ്പോൾ ആദ്യമായി നമ്മുടെ സ്മരണയ്ക്കു വിഷയ
മാകുന്നതു് ഒരു മഹാകവിയെന്നു് അദ്ദേഹത്തെ പ്രഥമതഃ
പ്രഖ്യാപനംചെയ്ത ഉമാകേരളമെന്ന മഹാകാവ്യമാകുന്നു.
അന്നു് മലയാളഭാഷ കേവലം സംസ്കൃതാനുസാരിണിയാ
യി പുരോഗമനം ചെയ്തുവരായിരുന്നു. ഗൈർവ്വാണിയുടെ ഉ
ത്തമാഭരണങ്ങളായ രഘുവംശാദിമഹാകാവ്യങ്ങളിൽ ലീ
നചിത്തരായ അന്നുള്ള പണ്ഡിതകവികൾ ഭാഷയെയും
താദൃശമായി അലങ്കരിക്കുന്നതിൽ ആസക്തരായിരുന്നു.
അക്കൂട്ടത്തിൽ നമ്മുടെ മഹാകവിയുടെ വാസനാവൈഭവ
വും പാണ്ഡിത്യപാരമ്യവും അതോടുകൂടിത്തന്നെ "സജാ
തീയദ്വിതീയാക്ഷരപ്രാസംചേർപ്പുള്ളകൈരളീമഹിളതൻമം
ഗല്യമാണോർക്കണം" എന്ന അന്നുള്ള മതത്തെ സാധൂകരി
ക്കുന്നതിലുള്ള ഔൽസുക്യവും കൂടിച്ചേർന്നുണ്ടായ ഒരു മ
ഹിതഫലമാണു് ഉമാകേരളം എന്നു സംഗ്രഹമായിപ്പറ
യാം. അതിൽത്തന്നെയും ഒരു ചരിത്രകഥാനിബന്ധന
ത്താൽ പുരാണമാത്രപ്രിയരായ ഗതാനുഗതികന്മാർക്കു്
ഒരു നവ്യപഥം വെട്ടിത്തുറക്കുന്നതിനുള്ള പ്രവൃത്തിയെ
യും പ്രകടിപ്പിക്കയാണു് ചെയ്തതു്. "ഭാവനാവൈശദ്യം
കൊണ്ടും, കല്പനാമഹത്വംകൊണ്ടും, ഘടനാരാമണീയ
കംകൊണ്ടും പരമേശ്വരയ്യരുടെ ഈ വലിയകൃതി അതി
ലെ സർഗ്ഗങ്ങളുടെ ദൈർഘ്യംകൊണ്ടെന്നപോലെതന്നെ
സംസ്കൃതസാഹിത്യത്തിലെ പ്രസിദ്ധ മഹാകാവ്യമായ
"നൈഷധീയചരിതം" എന്ന ശ്രീഹർഷകൃതിയുമായി ഔ
ചിത്യത്തോടുകൂടി താരതമ്യം ചെയ്യാവുന്നതും അങ്ങനെ
യുള്ള താരതമ്യവിചാരംകൊണ്ടു് ആ ഗ്രന്ഥത്തിനു യാ
തൊരു ന്യൂനതയും സംഭവിക്കുന്നതല്ലാത്തതും ആകുന്നു."

Digitized By Kerala Sahitya Akademi

ഇതിൽകവിക്കുണ്ടായ വിജയം ഈ വിഷയത്തിൽ ആശി
ക്കേണ്ടുന്നതില്ലതന്നെ.

മഹാകാവ്യപരിശ്രമം മാത്രമായില്ല. ആദിമകാലഘട്ട
ത്തിലെ സഹജമായ സംസ്കൃതപക്ഷപാതത്താലോ, കേര
ളത്തിലെ പൂൎവ്വസാഹിത്യാതിപരിചയത്തിൽ ഹൃദയാവ
ൎജ്ജനം ചെയ്ത ചമ്പൂപ്രബന്ധങ്ങളിൽ നിഷ്ണാതനായിത്തീൎന്ന
വിശേഷപ്രതിപത്തിയെ സ്മരിപ്പിക്കുന്നതിനോ ആവാം
രാജപുത്രചരിത്രത്തിന്റെ മൎമ്മസ്പൃക്കായ ഘട്ടത്തെ—പൃ
ഥ്വിരാജദുരന്തപ്രണയോദന്തത്തെ—സരസമായി അനുവ
ൎണ്ണിക്കുന്നതായി 'സംയുക്തോദ്വാഹം' എന്നൊരു ചമ്പൂകൃ
തിയും നിൎമ്മിച്ചു. കവിയുടെ വൎണ്ണനാചാതുരിയും കഥന
പടുതയും അതിൽ സവിശേഷം ആസ്വാദ്യമാണ്. ചമ്പൂ
ക്കളോടു മീലിതദൃഷ്ട്യാ വിരസതഭാവിക്കുന്ന അദ്യതനർ
ആ മനോഭാവത്തിന്റെ നിരൎത്ഥകത്വം ഗ്രഹിപ്പാൻമാ
ത്രമെങ്കിലും അതിൽ ദത്തദൃഷ്ടികളായാൽ കൊള്ളാം.

ഇടക്കാലത്തു സംസ്കൃതവൎജ്ജമായ ശുദ്ധദ്രാവിഡ
ത്തിൽ പ്രദൎശിതമായ അഭിരുചിയെ ഫലവത്താക്കുന്നതി
നുള്ള ഉദ്യമത്തിൽ നാസീരസ്ഥാനം വഹിച്ച ലഘുകൃതി
യാണ് "ഒരു നേൎച്ച." ദേവീസ്തവമായി ചെയ്യപ്പെട്ട ആ
കൃതിയും തൽപഥാനുഗാമികളായ തങ്കമ്മ മുതലായ കൃ
തികളും തനിമലയാണ്മയിൽ കവിക്കുള്ള കൃതഹസ്തതയു
ടെ പ്രത്യക്ഷോദാഹരണങ്ങളാകുന്നു.

ഇപ്രകാരം പ്രാപ്തയശസ്കനായ കവീന്ദ്രൻ ഗുരുതരമായ
രാജ്യസേവാകൃത്യങ്ങളുടെ മദ്ധ്യത്തിൽ അപ്പൊഴപ്പോൾ
സാഹിത്യദേവിയുമായി ചെയ്ത നൎമ്മസല്ലാപങ്ങളായി ട്ടു
നവധി ഖണ്ഡകവനങ്ങൾ ഉണ്ട്. അന്നു പ്രചാരത്തിലി
രുന്ന ദ്രുതകവനസമ്പ്രദായത്തിൽ കവിക്കുള്ള ദാക്ഷ്യത്തി
ന്റെയും കൈരളിയുടെ ശുഭശംസിയായ ആ അരുണോദ
യത്തിന്റെയും നിദൎശനങ്ങളായ അവ "അരുണാ"കാര



Digitized By Kerala Sahitya Akademi

ത്തിൽ "അരുണോദയം" എന്ന പ്രസിദ്ധീകരണത്തിൽ ദൃശ്യമാണു്.

അടുത്തുള്ള ഘട്ടം ഭാഷാസാഹിത്യത്തിൽ അമൂല്യമായ ഒരു പരിവർത്തനം അനുഭൂതമായിക്കൊണ്ടിരുന്ന ഒന്നായിരുന്നു. അലബ്ധവിശ്രമമായ സം[illegible]ത്തിൽ സംപ്ലാവിതമായ സഹൃദയലോകം ലഘുരചനകളിൽമാത്രം ലോലുപമായിത്തീൎന്നു. അങ്ങിനെ ഖണ്ഡകാവ്യപ്രസ്ഥാനത്തിനു പ്രതിഷ്ഠ ലഭിച്ചു. നിരീക്ഷണവിചക്ഷണതയുടെയും, കല്പനാശക്തിയുടെയും, മിതഭാഷിതത്വത്തിന്റെയും നികഷോപലമായിത്തീൎന്ന പ്രസ്തുത പ്രസ്ഥാനത്തിലും, പത്തരമാറ്റിൽത്തന്നെ മഹാകവി ശോഭിച്ചു എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

താരഹാരം, കിരണാവലി, തരംഗിണി, മണിമഞ്ജൂഷ എന്നീ നാമങ്ങളിൽ ആവിർഭവിച്ചിട്ടുള്ള ഗ്രന്ഥപരമ്പര മേല്പറഞ്ഞവിധം അനേകം ലഘുകാവ്യതല്ലജങ്ങളുടെ സമുച്ചയങ്ങളാകുന്നു. ഇവയെല്ലാം സൌന്ദര്യവും സാമഞ്ജസ്യവും തികഞ്ഞ കാവ്യരത്നങ്ങളടങ്ങിയ വിശിഷ്ടപേടകങ്ങളെന്നല്ലാതെ ഓരോ രത്നത്തേയും പ്രത്യേകം വീക്ഷിച്ചു വിലമതിക്ക എന്നതു സാധാരണ സാദ്ധ്യമോ പ്രകൃതത്തിൽ സുകരമോ അല്ല.

ഈ ഗ്രന്ഥപരമ്പരയിൽ ഉൾക്കൊള്ളാതെ സ്വതന്ത്രങ്ങളായി നാതിക്ലിഷ്ടാകാരങ്ങളായി ചില ഖണ്ഡകൃതികൾ മഹാകവിയുടെ കാവ്യശ്രമവൈജയന്തികളായി പരിലസിക്കുന്നുണ്ടു്. സുബഹുചർവ്വിതപൂർവ്വമായ പുരാണകഥകളെപ്പോലും ഉചിതമായ രചനാവിധാനത്താൽ നവത്വം നല്കി ആകർഷകങ്ങളാക്കിത്തീർക്കാൻ കഴിയുമെന്നു കർണ്ണഭൂഷണാദികളുടെ പ്രാദുർഭാവം പ്രകടമാക്കി. കൌരവപക്ഷീയത്വം മൂലം അനവേക്ഷിതഗുണവിശേഷനായ കർണ്ണനെ—"അഭൌമം തന്റെ കുണ്ഡലം അറുത്തർത്ഥിക്കരുളിയോരവനീ

Digitized By Kerala Sahitya Akademi

ഹരിചന്ദ്രന്"ത്തെ—യഥാർത്ഥമായ രൂപത്തിൽ പ്രത്യക്ഷമാക്കിയും അദ്ദേഹത്തിന്റെ ആത്മരക്ഷാതിരിക്തമായ ദാനധർമ്മാസക്തി വെളിവാക്കി ഭാരതീയ സംസ്കാരത്തേയും ആദർശത്തെയും വിളംബരംചെയ്യുകയുംചെയ്ത കവിയുടെ വിജയം സ്തുത്യർഹമായിരിക്കുന്നു.

അതുപോലെതന്നെ പിംഗളയും പുരാണാസ്പദമാണ്. എന്നാൽ അതു് കവിയുടെ ആശയചിത്രപടത്തിനാലംബമായ ഒരു നാഗദന്തകംമാത്രമേ ആകുന്നുള്ളു. ഐഹികങ്ങളായി അനിത്യങ്ങളും ക്ഷുദ്രങ്ങളുമായ ജന ഭോഗങ്ങളുടെ അനർത്ഥകതയെ അനുഭവവേദ്യമാക്കി ആസ്തിക്യബോധം ഉളവാക്കി, അചഞ്ചലവും അസപാർത്ഥവുമായ ഭക്തിപ്രകർഷത്താൽ ഹരിപ്രസാദം യമാദ്ധ്യതഃ സാദ്ധ്യമാണെന്ന ഭക്തിമാഹാത്മ്യത്തെ ദൃഷ്ടാന്തീകരിക്കുന്ന ഗ്രന്ഥം മനുഷ്യനെ സദാചാരപദ്ധതിയിലേക്ക് ബലാൽകർഷിച്ചു് കാവ്യപരമോദ്ദേശ്യത്തെ നിർവ്വഹിക്കുന്നു.

പുരാണകല്പമായ ഭക്തിദീപിക (ചാത്തന്റെ സദ്ഗതി) ആകട്ടെ ഔദ്ധത്യഹേതുകങ്ങളായ ലൗകികജ്ഞാനങ്ങളെ അധഃകരിച്ചു് ഏകാന്തമായ ഭക്തിക്കുള്ള ഉത്കൃഷ്ടാതിശയത്തെ, വേടക്കിടാത്തനായ ചാത്തനിൽനിന്നു് താർക്കികകുഞ്ജരനായ സനന്ദനൻ ഏല്ക്കുന്ന പരാജയംകൊണ്ടു് സിദ്ധവൽകരിക്കയും, കുലജന്മാദികളിൽ സ്ഥാപിതമായിട്ടുള്ള നീചോച്ചഭേദങ്ങളെ നിരാകരിച്ചു് യഥാർത്ഥലോകസേവനമാർഗ്ഗങ്ങളെ അനുശാസിക്കയുമാണു് ചെയ്യുന്നതു്.

കുപ്രസിദ്ധയായ മിസ് മേയോവിനു [illegible] വിതന്നാണല്ലോ ചിത്രശാലയിൽ കാണുന്നതു്. ഭാരതത്തിന്റെ മഹിമാവിശേഷത്തെ സ്ഥാപിച്ചു് ദൈവത്തെപ്പോലും മാതൃഭാവത്തിൽ ദർശിക്കുന്ന ആ ലോകത്തിന്റെ അദ്ധ്യാത്മചിന്ത സ്ത്രീകൾക്കു നല്കീട്ടുള്ള പ്രാമുഖ്യം എത്ര

Digitized By Kerala Sahitya Akademi

കണ്ടായിരുന്നു എന്നു കാണിപ്പാൻ കവി പ്രദർശിപ്പിച്ചിട്ടുള്ള ഓരോ ചിത്രവും ആസ്വാദനീയമെന്നേ പറയാനുള്ളു.

മിഥ്യാപവാദം ബുദ്ധാപദാനത്തെ പ്രകീർത്തനം ചെയ്യുന്ന ഒരു കാവ്യമാണു്.

ലൗകികമായ ശൃംഗാരാദിരസങ്ങളിൽനിന്നുയർന്നു്, പ്രായേണ ഐശ്വര്യത്തിലും ശാന്തിയിലുംകൂടി സത്യസമാശ്ലിഷ്ടിയ്ക്കു് മാർഗ്ഗദർശനം ചെയ്യുന്ന മഹാകവിയുടെ കാവ്യതല്ലജങ്ങൾ, ആത്മോൽകർഷത്തിനുള്ള സോപാനങ്ങൾ പടുത്തു കാവ്യത്തിന്റെ അന്തിമോദ്ദേശം സാധിയ്ക്കുന്നതു ദർശനീയമാണു്. ഈ പ്രസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ദീപാവലിക്കുള്ള സ്ഥാനം അപരിമേയമാകുന്നു ചിരാനുഭൂതിയാൽ ആർജ്ജിതമായ സംസ്കാരസമ്പത്തിനും, പരിപക്വതയ്ക്കും ആത്മവികാസത്തിനും സമുചിതമായ ഈ ദീപാവലി അജ്ഞാനാന്ധകാരത്തിലുഴലുന്ന മുഗ്ദ്ധാത്മാക്കൾക്കു് ഏകാവലംബവും സഹൃദയരായ സത്തുക്കൾക്കു് ഹൃദയാഹ്ലാദകവുമാണു്. കാവ്യഗ്രന്ഥത്തിൽ പൊതിഞ്ഞ സുഖാസ്വാദ്യങ്ങളായ തത്വഗുളികകളാണു് ആ ഗ്രന്ഥപേടകത്തിൽ നിറഞ്ഞുകാണുന്നതു്.

കൂടാതെ മംഗളമഞ്ജരി, വഞ്ചീശഗീതി, ചിത്രോദയം മുതലായി രാജഭക്തിപരങ്ങളായി രചിച്ചിട്ടുള്ള കൃതികളും കാവ്യഗുണത്തിൽ ഒട്ടും താഴെയല്ല. പാണ്ഡിത്യം ചിന്തകരമായ ഈ മഹാകവിയുടെ ഏതാദൃശപരിശ്രമങ്ങളെപ്പറ്റി ഇതിലധികം ഇവിടെ പ്രതിപാദിപ്പാൻ കഴിവില്ലല്ലോ എന്നു വ്യസനിക്കയേ തരമുള്ളു.

ഒരു ഗദ്യകാരനായോ നിരൂപകനായോ ഉള്ളൂരിനെ കാണണമെന്നുള്ളവർ വിജ്ഞാനദീപിക (രണ്ടുഭാഗം) ഗദ്യകലിക മുതലായ ഗ്രന്ഥങ്ങൾ വായിച്ചുനോക്കട്ടെ. അല്ലെങ്കിൽ അനവരതലഭ്യങ്ങളായ അവിടത്തെ പ്രസംഗങ്ങൾ ശ്രവിക്കട്ടെ.

Digitized By Kerala Sahitya Akademi

മയൂരസന്ദേശം ഇംഗ്ലീഷിൽ പദ്യരൂപേണ വിവൎത്തനംചെയ്തതും ശ്രീ ആർ. സി ഡട്ട് പ്രഭൃതികളുടെ ശ്ലാഘാപാത്രമായതും, മഹാകവിയുടെ ഇംഗ്ലീഷു പരിജ്ഞാനത്തിന്നും അതിലുള്ള പ്രയോഗപാടവത്തിന്നും മതിയായ തെളിവാണല്ലോ. ഈവിധത്തിൽ മലയാളം, തമിഴ്, സംസ്കൃതം, ഇംഗ്ലീഷ് ഈ ഭാഷകളിൽ അഹമഹമികയാ മുന്നിട്ടുനില്ക്കുന്ന അഗാധജ്ഞാനത്തോടുകൂടിയ ഈ മഹാങ്കൽനിന്നു് കേരളഭാഷയ്ക്കു് എന്തെന്തു ഗുണങ്ങൾ ഉണ്ടായിട്ടില്ല?

ഈ ജ്ഞാനപ്രഭ കേവലം ദാസനായിട്ടാണു് കൈരളീപാദപരിചരണത്തിനു കച്ചകെട്ടിയിറങ്ങിയിട്ടുള്ളതു്. വല്ലേടവും കിടന്നു ചിതലിന്നും [illegible] ആഹാരമായിപ്പോകേണ്ട എത്ര എത്ര വിശിഷ്ടകൃതികളെയാണു് തന്റെ അക്ഷീണപരിശ്രമത്താൽ അദ്ദേഹം ഉദ്ധരിച്ചു പ്രകാശനംചെയ്തിട്ടുള്ളതെന്നോക്കുക. കണ്ണശ്ശകൃതികൾ, രാമചരിതം, രാമകഥപ്പാട്ടു് മുതലായി മദ്ധ്യകാലത്തും പ്രാചീനകാലത്തും ഉണ്ടായിട്ടുള്ള മലയാളഗ്രന്ഥങ്ങൾ തേടിപ്പിടിക്കയും കവികാലാദികളെപ്പററി ഉപപാദിച്ചും അൎത്ഥവിവരണങ്ങൾ നല്കിയും യഥായോഗ്യം പ്രസിദ്ധീകരിക്കയും ചെയ്തിട്ടുള്ളതു് മലയാളഭാഷയ്ക്കു് എന്നേയ്ക്കും വലിയ ഒരു നേട്ടമാണു്. കൂട്ടായി ഇരുന്നുകൊണ്ടു്, പോൎത്തുഗീസുകാരും ഡച്ചുകാരും തമ്മിൽനടന്ന യുദ്ധങ്ങളെപ്പററി പ്രതിപാദിക്കുന്ന ചരിത്രകവിതയായ പടപ്പാട്ടു്, ഉണ്ണായിവാര്യരുടെ ഗിരിജാകല്യാണം, കേരളത്തിൽ അന്നു നടപ്പുള്ളപ്രകാരം വ്യവഹാരങ്ങളെക്കുറിച്ചുള്ള ഒരു ശാസ്ത്രഗ്രന്ഥമായ വ്യവഹാരമാല ഇവയും പ്രസിദ്ധമാക്കീട്ടുണ്ടു്. ഇപ്പോഴും പര്യവേക്ഷണങ്ങൾ നടത്തുകയും നൂതനങ്ങളായ അറിവുകളെ സൂക്ഷ്മബുദ്ധിയോടെ നിരൂപണംചെയ്തു് ശങ്കാലവങ്ങൾ നീക്കി പ്രകാശനം ചെയ്കയും ചെയ്തുവരുന്നതു നമുക്കറിവുള്ളതാണല്ലോ. എന്നല്ല ഭാഷാ

Digitized By Kerala Sahitya Akademi

ഭിമാനികളുടെ ആശയെ ഉദ്ദീപിപ്പിക്കുന്ന അനർഘങ്ങളായ അനേകം അപ്രകാശിതഗ്രന്ഥങ്ങൾ അദ്ദേഹത്തിൻെറ പക്കൽ ഇരിപ്പുണ്ടെന്നുള്ള പരമാത്ഥവും പ്രസ്താവാഹമാണ്. 'ഒരു ഗ്രന്ഥപ്പുര' എന്ന് സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള അവർകൾ അന്വത്ഥമായി നാമകരണം ചെയ്ത ആ ജ്ഞാനനിധിയാൽ ആരബ്ധമായി ഒരു മലയാളസാഹിത്യചരിത്രം ഉണ്ടെന്ന് അദ്ദേഹത്തിൽനിന്നുതന്നെ നാം അറിയുന്നു; ഭാഷയ്ക്കു് ഒരു പ്രമാണഗ്രന്ഥമായിരുന്നേക്കാവുന്ന അതിൻെറ നിമ്മിതിയിലുള്ള കാലവിളംബം പരിഹരിക്കേണ്ടതാണ്.

ഇത്ര ക്ലേശസഹിഷ്ണുതയോടെ സ്വഭാഷയ്ക്കുവേണ്ടി പ്രയത്നംചെയ്യുന്നവർ വേറെ അധികം ഉണ്ടാകുമെന്നു തോന്നുന്നില്ല. 1101-ൽ ആരംഭിച്ചതും കേരളഭാഷയുടെ അഭിവൃദ്ധിക്കായി അവിരതം പ്രവത്തിച്ചുകൊണ്ടിരിക്കുന്നതുമായ സമസ്തകേരളസാഹിത്യപരിഷത്തിൻെറ "ആത്മാവും ജീവനും" ആയിരുന്നുകൊണ്ട് വിശ്രമാനുഭവത്തിനുള്ള തൻെറ വാദ്ധക്യദശയെ നിരന്തരക്ലേശങ്ങൾക്കു പാത്രമാക്കി ഏകാന്തപരിശ്രമം ചെയ്യുകയും ചുരുക്കത്തിൽ തൻെറ മാതാവിനും മാതൃഭാഷയ്ക്കുംവേണ്ടിത്തന്നെ ജീവിതം നയിക്കുകയും ചെയ്യുന്ന ആ പുണ്യാത്മാവോടു മലയാളഭാഷ ഉച്ചരിക്കുന്ന ഓരോരുത്തനുമുള്ള ആധമർണ്യാതിരേകം വണ്ണനാതീതമാണു്. അദ്ദേഹത്തിൻെറ ഉത്തരോത്തരശ്രേയോഭിവൃദ്ധിയ്ക്കു ജഗദീശ്വരൻ കനിഞ്ഞരുളുമാറാകട്ടെ.

ശുഭം.

Digitized By Kerala Sahitya Akademi

# മഹാകവി വള്ളത്തോൾ

## ജനനവും ബാല്യവും.

മലയാളത്തിലെ മന്ദാകിനി എന്നു പറയാവുന്ന പേരാറിന്റെ ഉത്തരതീരത്തിൽ, വെട്ടത്തുനാട്ടിന്റെ മുക്കാൽ ഭാഗവും വ്യാപിച്ചുകിടക്കുന്നതും, കേരളത്തിലെ പ്രസിദ്ധ ഗ്രന്ഥകാരന്മാരിൽ പലരുടെയും — വിശിഷ്യ സാക്ഷാൽ തുഞ്ചത്തെഴുത്തച്ഛന്റെ — ജന്മഭൂമിയും ആയ ആലത്തൂർ ഗ്രാമം; അവസാനപര്യന്തം സ്വാതന്ത്ര്യവിശിഷ്ടരായിരുന്ന വെട്ടത്തരചന്മാരിൽ ഒടുവിലത്തെ ആളിന്റെ മന്ത്രിയും സാമാന്യം പ്രസിദ്ധനും ആയിരുന്ന കോന്നുമേനോൻകാര്യക്കാരുടെ കുടുംബമായ വള്ളത്തോൾ തറവാട്; ഈ തറവാട്ടിൽ കൊല്ലവർഷം 1054 തുലാമാസത്തിൽ മകയിരം നക്ഷത്രത്തിൽ നമ്മുടെ കഥാപുരുഷൻ ഭൂജാതനായി. ഇദ്ദേഹത്തിന്റെ മാതൃപദത്താൽ വീരസൂവായിത്തീർന്ന ശ്രീമതി പാർവ്വതിയമ്മ, തൽസ്ഥാനത്തിനു ഭാഗ്യവതി എന്നല്ല സമർത്ഥകൂടി ആയിരുന്നു. ആ ശ്രീമതി പഴയ മലയാളത്തറവാടുകളിൽ പ്രായേണ കാണുന്നവിധം രാമായണാദീതിഹാസഗ്രന്ഥങ്ങളും ഭക്തിവിഷയകങ്ങളായ മററു സാഹിത്യഗ്രന്ഥങ്ങളും വായിച്ചറിയത്തക്ക അറിവും ശ്രദ്ധയും ഉള്ള ഒരു കുടുംബിനീരത്നമായിരുന്നു. അച്ഛൻ, കൊച്ചിസ്സീമയിൽ, എയ്യാൽ പ്രവൃത്തിയിൽ, കടങ്ങോട്ടു മല്ലിശ്ശേരി ദാമോദരൻഇളയതു് നല്ല ബുദ്ധിയും രസികത്വവും, കലാപ്രണയവും, ഫലിതമയമായി സംസാരിക്കുന്നതിൽ അസാമാന്യവൈദഗ്ദ്ധ്യവും ഉള്ളയാളായിരുന്നു. ആ പുണ്യവാനും ചില കേ

Digitized By Kerala Sahitya Akademi

രളനൃത്യകലായോഗങ്ങൾ നയിച്ചിരുന്ന ദേഹമായിരുന്നു എന്നതു സ്മരണീയമാണ്. 1072-ൽ മാതാവും, 79-ൽ പിതാവും ദിവംഗതരായി.

## വിദ്യാഭ്യാസം.

നാലുവയസ്സു തികഞ്ഞപ്പോൾ പതിവുപോലെ അന്നത്തെ കുടുംബാചാര്യനായിരുന്ന വാരിയൻപറമ്പിൽ കുഞ്ഞൻനായർ എന്നാൾ, എഴുത്തിനിരുത്തി, 'ഓലയിൽക്കുട്ടി' ശ്രീരാമോദന്തംവരെ പഠിപ്പിച്ചു. പ്രധാനഗുരു സ്വന്തം മാതുലനും, വ്യുൽപന്നനും അപ്പോലെ നല്ലൊരു വൈദ്യനുമായിരുന്ന രാമുണ്ണിമേനോൻ ആയിരുന്നു.

രഘുവംശം, മാഘം, നൈഷധം എന്നീ മഹാകാവ്യങ്ങളും, ശാകുന്തളം, ഉത്തരരാമചരിതംമുതലായ നാടകങ്ങളും, അവശ്യംചില അലങ്കാരശാസ്ത്രങ്ങളും, അഷ്ടാംഗഹൃദയവും പഠിച്ചതു് ആ അമ്മാവങ്കൽ നിന്നുതന്നെ ആയിരുന്നു. ഇക്കാലത്തു മററുവിദ്യാർത്ഥികളെ പഠിപ്പിക്കയും ചികിത്സാധർമ്മത്തിൽ അമ്മാവനെ സഹായിക്കയും ചെയ്തിരുന്നതിനു പുറമെ, കവിതാനിർമ്മാണവിഷയത്തിലും പ്രകൃത്യാ പ്രവർത്തിച്ചിരുന്നു എന്നുള്ള വസ്തുത വിസ്മർത്തവ്യമല്ല. വേദാന്താഭ്യാസത്തിലും, ഈശ്വരഭജനത്തിലും നിതാന്താസക്തനും, നിത്യബ്രഹ്മചാരിയും, ബഹുശിഷ്യസമ്പന്നനുമായ ആ കുലഗുരു, കഥാനായകന്റെ വിദ്യാഭ്യാസകാലത്തുതന്നെ നിത്യനിർവ്വാണമടഞ്ഞു.

അന്നുമുതൽ, ഏതാണ്ടു സാഹിത്യലോകത്തിൽ പ്രതിഷ്ഠ ലഭിക്കുന്നതുവരെ പല വൈദ്യഗ്രന്ഥങ്ങളും ഇദ്ദേഹം നിർമ്മിച്ചുകൊണ്ടിരുന്നു. ആരോഗ്യചിന്താമണി, (കൈക്കുളങ്ങരരാമവാര്യരുടെ ആരോഗ്യകല്പദ്രുമത്തിന്റെ

Digitized By Kerala Sahitya Akademi

അനുകരണം) ശർക്കരാക്രമം, വൈദ്യജീവിതം (അപൂർണ്ണം) വൈദ്യഭൂഷണം (അപൂർണ്ണം — തിരഞ്ഞെടുത്ത പല കൈകണ്ട വിദ്യകളെയും പ്രതിപാദിക്കുന്ന, ഏതാണ്ടു നാന്നൂറു പദ്യം) നേത്രാമൃതം (കണ്ണുചികിത്സ) എന്നിവയിൽ ചിലതു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ബാക്കി നശിച്ചുപോയി എന്നാണു് തോന്നുന്നതു്.

ഒടുവിൽ, പാറക്കുളം സുബ്രഹ്മണ്യശാസ്ത്രികളുടെയും കൈക്കുളങ്ങര രാമവാര്യരുടെയും അടുക്കൽ തർക്കശാസ്ത്രവും അഭ്യസിക്കയുണ്ടായിട്ടുണ്ടു്.

കവിതയെഴുത്തിൽ, അച്ഛന്റെ പ്രോത്സാഹനത്തിനുപുറമെ, ഒരൊന്നാന്തരം കവിയായിരുന്ന കുറത്തപ്പാദാമോദരൻനമ്പൂതിരിയിൽനിന്നു ചില കാവ്യനിർമ്മാണതന്ത്രങ്ങളും ഗ്രഹിക്കാൻ സംഗതിവന്നിട്ടുണ്ടു് എങ്കിലും നമ്പ്യാരുടെ കാര്യത്തിലെന്നപോലെ ഒരു നാമമാത്രഗുരുത്വം ഇവരിലെല്ലാം ആരോപിക്കാമെന്നല്ലാതെ "ശിഷ്യഃസ്വമേധയാ" എന്ന രീതിയിൽ മിക്കവാറും സ്വപ്രയത്നത്താൽത്തന്നെയാണു് കവനകലയിൽ ഇദ്ദേഹം പ്രകാശിച്ചിട്ടുള്ളതു് എന്നു പറയാതെ കഴികയില്ല.

72-മുതൽ 76-വരെ അച്ഛന്റെ മുഖ്യപ്രയത്നത്തിന്മേൽ മംഗലം അംശത്തിൽ ഒരു നാടകയോഗം ഏർപ്പെടുത്തി നടത്തിയതിൽ ഇദ്ദേഹം ഒരു പ്രധാന നടനായിരുന്നു. 76-ൽ അവിടെ സ്ഥാപിച്ചതും, രണ്ടുകൊല്ലത്തോളംകാലം പ്രതിവാരം നടന്നിരുന്നതുമായ 'പരിഷ്കാരാഭിവർദ്ധിനിസഭ'യിലും ഇദ്ദേഹം ഒരു പ്രധാനഭാഗഭാക്കായിരുന്നു.

## ഗൃഹസ്ഥപദം.

1077-ൽ ഇദ്ദേഹം തന്റെ 23-ാമത്തെ വയസ്സിൽ, പൊന്നാനിത്താലൂക്ക് വടക്കേക്കാടംശത്തിൽ (വടനരി)

Digitized By Kerala Sahitya Akademi

ചിററഴി ശ്രീമതി മാധവിയമ്മ എന്ന മഹിളാരത്നത്തിൻെറ പാണിഗ്രഹണത്താൽ ഗൃഹിധൎമ്മം കൈക്കൊണ്ടു. കുററിപ്പുറത്തു കിട്ടുണ്ണിനായരവർകളുടെ 'കാദംബിനീപരിണയം' എന്ന പുസ്തകം, ഈ വിവാഹത്തെ സംബന്ധിച്ചു വാസ്തവമായി വിവരിക്കുന്നതത്രെ. ഇവരുടെ ദാമ്പത്യജീവിതത്തിൻെറ അനുഗ്രഹീതഫലങ്ങളായി മൂന്നു പെൺമക്കളും അഞ്ചു് ആൺമക്കളും ഇപ്പോൾ ഉണ്ടു്.

കവികളുടെജീവിതത്തിൽ ദേശപര്യടനം എന്നതു് അതിപ്രധാനമായ ഒരു ധൎമ്മമാണല്ലോ. 78-ൽ ഇദ്ദേഹം അച്ഛനോടൊരുമിച്ചു് രാമേശ്വരാദി പുണ്യക്ഷേത്രങ്ങളെയും, അടുത്തവൎഷം ഭവാനി, പേരൂർ മുതലായ പുണ്യസ്ഥലങ്ങളേയും സന്ദൎശിക്കയുണ്ടായി. ഈ അടുത്തകാലത്തു് ഉത്തരഭാരതത്തിലെന്നപോലെ ദ്വീപാന്തരങ്ങളിലും സംക്രമണം ചെയ്തിട്ടുള്ളതും, അതു്, 'കിഴവൻപോരാലു'' 'ആ കപ്പൽയാത്ര' മുതലായവയാൽ അനശ്വരസ്മാരിതങ്ങളായിത്തീൎന്നിട്ടുള്ളതും നമുക്കറിവുള്ളതാണല്ലോ.

## സാഹിത്യജീവിതം.

കൈരളീഭാഗ്യവിപാകമായ ഈ പുണ്യപുരുഷൻെറ യഥാൎത്ഥജീവിതം സാഹിത്യഗേഹത്തിലാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. തൻെറ ജന്മാന്തരസഖിയായിരുന്നിരിക്കാവുന്ന കവിതാദേവി, "ഹംസമാലാശരദീവഗംഗാം മഹൌഷധിം നക്തമിവാത്മഭാസഃ" എന്ന ക്രമത്തിൽ, ബാല്യദശയിൽത്തന്നെ യഥാകാലം മഹാകവിയെ സമാശ്ലേഷിച്ചിട്ടുള്ളതായി നാം കണ്ടുകഴിഞ്ഞു. പല ലഘുനിൎമ്മാണങ്ങൾക്കുശേഷം 80 കുംഭം ഒടുവിൽ വാത്മീകിരാമായണം തൎജ്ജമയാരംഭിക്കയും അതു രണ്ടുകൊല്ലംകൊണ്ടു സമാപ്തമാക്കുകയും ചെയ്തു. രണ്ടു കൊല്ലത്താൽ മാസികാശ്രേണി ആ മഹാഗ്രന്ഥം പ്രസിദ്ധീകൃതവുമായി.

Digitized By Kerala Sahitya Akademi

81 ചിങ്ങം (* ഉത്തരകേരളപക്ഷത്തിൽ 80 ചിങ്ങം) മുതൽ അഞ്ചുവൎഷം ഇദ്ദേഹം തൃശ്ശിവപേരൂർ കേരളകല്പദ്രുമം പ്രസ്സിന്റെ മാനേജരായിരുന്നു. പ്രബലമായ ഭാരതവിലാസം പ്രസ്സുമായുള്ള കിടമത്സരത്തിൽ, അപജയത്താൽ അലസമായിക്കിടന്നിരുന്ന കേരളകല്പദ്രുമം, വള്ളത്തോളിന്റെ പ്രവേശനംമുതൽ കവികളുടെ ശ്രദ്ധയ്ക്കു പാത്രമാവുകയും, ക്രമേണ അതിന്റെ ഋണഭാരം ലഘൂകരിക്കപ്പെടുകയും ചെയ്തു. ഇദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ അക്കാലത്തു് തുഞ്ചത്തെഴുത്തച്ഛന്റെ സ്മാരകമായി "രാമാനുജൻ" എന്ന പേരിൽ ഒരു മാസിക തുടങ്ങിയതു് ദൌർഭാഗ്യത്താൽ അചിരജീവിയായിത്തീൎന്നു എന്നും പറയേണ്ടിയിരിക്കുന്നു

78 മേടത്തിൽ ഇദ്ദേഹത്തിനു ചെറിയൊരുതരം മസൂരിരോഗം പിടിപെടുകയുണ്ടായി. അതിനെത്തുടൎന്നു ചെവിയിൽ ഒരു സുഖക്കേടുണ്ടാവുകയും ചികിത്സകൊണ്ടു മാറിപ്പോകുകയും ചെയ്തു. എന്നാൽ ശരീരഗതമായ അളൎക്കവിഷമെന്നതുപോലെ, ആ കൎണ്ണശല്യം കാലാന്തരത്തിൽ വിജൃംഭിക്കയും, ഇന്നത്തെ ബാധിൎയ്യമായി പരിണമിക്കയും ചെയ്തു. അന്നു് ആലുവായിൽ പ്രാക്ടീസു ചെയ്തിരുന്ന ഡാക്ടർ വല്യത്താൻ, മദിരാശിയിൽ ഡാക്ടർ ടി. എം. നായർ, ആലത്തൂർ നമ്പി, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ എന്നീ ഭിഷഗ്വരന്മാരെക്കൊണ്ടും മററു പലരെക്കൊണ്ടും പലപാടും ചികിത്സിപ്പിച്ചുനോക്കി. ചില പുതുയന്ത്രങ്ങളും ഉപയോഗിച്ചും നോക്കി. എല്ലാം നിഷ്ഫലമെന്നല്ലേ പറയേണ്ടൂ. ഇക്കാലത്തു് ഉള്ളിൽക്കൊണ്ടെഴുതിയ ഒരു ലഘുകാവ്യമാണു് "ബധിരവിലാപം."

---

* ബ്രി. മലബാറിൽ കന്നിയിലാണു് കൊല്ലപ്പിറപ്പു്

Digitized By Kerala Sahitya Akademi

86 വൃശ്ചികം മുതൽ 88 മകരംവരെ, അന്താരാന്തരാ കാര്യാന്തരവിഘ്നിതമായിത്തുടൎന്ന പരിശ്രമത്തിന്റെ ഫലമായി ചിത്രയോഗമഹാകാവ്യം 1089-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതിനുശേഷം ഏതാണ്ടു മൂന്നുകൊല്ലത്തോളം കാലം, ഇരവിപേരൂർനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'കേരളോദയം' എന്ന പ്രതിവാരപത്രത്തിന്റെ സഹപത്രാധിപരായിരുന്നു. ഇക്കാലത്തുതന്നെ 'മാർക്കണ്ഡേയപുരാണം' ഗദ്യവിവർത്തനവും എഴുതിത്തീർത്തു. അന്ന് ഇടപ്പള്ളിയിൽനിന്നു 'പുരാണമാലിക' എന്ന പേരിൽ ഒരു മാസികയായി പ്രസാധനം ചെയ്യപ്പെട്ടിട്ടുണ്ടു്.

1091 മുതൽ ആറേഴുകൊല്ലം കുന്നംകുളത്തായിരുന്നു സ്ഥിരതാമസം. കുറേക്കാലം 'ആത്മപോഷിണി' മാസികയുടെ പത്രാധിപസ്ഥാനം വഹിക്കയും ചെയ്തിട്ടുണ്ടു്. ഇക്കാലത്തു് അതായതു് 91-ൽ ആണു് സാഹിത്യമഞ്ജരി ഒന്നാംഭാഗം പ്രസിദ്ധീകൃതമായതു്.

അതിനുശേഷം 1107 കന്നിമാസംവരെ വണ്ണേരിയിൽ സ്ഥിരവാസം ചെയ്തിരുന്നു. തിരുവനന്തപുരം ബി. വി. ബുക്കഡിപ്പോ വകയായി പ്രസിദ്ധീകരിച്ചിരുന്ന 'പുരാണസഞ്ചിക'യിലേക്കു പത്മമഹാപുരാണം, വാമനപുരാണം, മത്സ്യപുരാണം എന്നിവ വിവർത്തനം ചെയ്തുകൊടുത്തതു് ഇക്കാലത്താണു്. ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുന്ന സാഹിത്യജീവിതത്തിൽ, ഈ കൈരളീകേതൻ തന്റെ ആരാധനാമൂർത്തിയായ ആ അംബയുടെ തൃച്ചേവടികളിൽ അർച്ചനം ചെയ്ത വാങ്മയവാടാമലരുകളുടെ പരിമളധോരണിയിൽ കേരളം ഇന്നാമഗ്നമായി ആനന്ദനിർവൃതിയടയുന്നു.

Digitized By Kerala Sahitya Akademi

## 19

# സാഹിത്യവ്യവസായങ്ങൾ.

പ്രകൃതിദേവി അനുഗ്രഹിച്ചരുളിയ വാസനാബീജാങ്കുരത്തെ സ്വശക്ത്യഭ്യാസാദികളാകുന്ന ദോഹദങ്ങളാൽ വളൎത്തി ലോകാനന്ദഫലത്തെ വിതരണംചെയ്യുന്ന ചരിത്രപുരുഷന്റെ അശ്രാന്തവ്യവസായങ്ങളും അനുക്രമോല്കൎഷവും നാം കണ്ടുവല്ലോ. ആപണ്ഡിതപാമരം കേരളീയൎക്ക് ആനന്ദക്കതിർ ചിന്തുന്ന കേരളസാഹിത്യാന്തരീക്ഷത്തിലെ അനശ്വരതാരകളാണ് ഇദ്ദേഹത്തിന്റെ കവിതാതല്ലജങ്ങൾ. സാഹിതീദേവതയുടെ തൃക്കൈവിലസിതമായ വീണാമണിയിലെ മൃദുലതന്ത്രികളിൽനിന്നുയരുന്ന മധുരക്വണിതങ്ങളുടെ സംഗീതമാധുരി ഈ കവികോകിലത്തിന്റെ കൂജനങ്ങളിൽ നാം ശ്രവിക്കുന്നു. 'സരസകോമളകാന്തപദാവലികളെ'ക്കൊണ്ടുള്ള ഒരു സാരസ്വതസത്രം അവിടെ അനുഭവഗോചരമാകുന്നു. അഭിനവാന്തചൈതന്യത്തോടുകൂടി ചിത്രിതമാകുന്ന പ്രകൃതിയുടെ രമണീയഛായകൾ നമ്മുടെ ചൎമ്മചക്ഷുസ്സുകളിൽ പതിയുന്നു. കാതിലൂടെ കരളിലൂറുന്ന ആ 'സുഗന്ധസ്യന്ദ' ചൎവ്വണത്താൽ പ്രചുരമാധുര്യമായി അഭൌമവും നിരന്തരവുമായ ആനന്ദത്തെ പ്രദാനം ചെയ്യുന്ന ഈവിധം സരസങ്ങളായ ലളിതകവനങ്ങളുടെ ഏകപ്രഭവസ്ഥാനമായ ഈ കവിവരന്റെ സുകൃതിവിശേഷം അനുഭവൈകവേദ്യമെന്നേ പറയേണ്ടൂ.

'ഋതുവിലാസം' 'ഭാഷാപഞ്ചതന്ത്രം' മുതലായ കൃതികളാൽ പ്രകടിതമായിരുന്ന ഇദ്ദേഹത്തിന്റെ വാഗ്മധുധോരണികളും വാത്മീകിവാണിയാകുന്ന വിശാലവിയദ്ഗംഗയിലുണ്ടായ നിമജ്ജനം ഒരു ഭാഗ്യം തന്നെ ആയിരുന്നു. കാളിദാസാദ്യന്മാൎക്കും സേവ്യനായി, ലോകകവിയോ ലോകോത്തരകവിയോ ആയ ആ ഋഷീശ്വരന്റെ രാ

Digitized By Kerala Sahitya Akademi

മായണകാവ്യാമൃതം ഏതു ഭാഷയ്ക്കു്, അല്ലെങ്കിൽ ഏതു
മനുഷ്യനാണു് നവജീവൻ നല്കാത്തുള്ളതു്? വാല്മീകി
രാമായണം ലോകത്തിലെ പ്രശസ്തഭാഷകളിലെല്ലാം പ
കർന്നുകഴിഞ്ഞു. നാനാപ്രകാരേണയും അതു കേരളഭാഷ
യേയും അലങ്കരിച്ചു. "എന്നാൽ ചന്ദ്രൻ തന്നിൽ പ്ര
തിഫലിതമായ സൂര്യപ്രഭകൊണ്ടു് സൂര്യനോളം പ്രകാ
ശിപ്പാൻ കഴിവില്ലല്ലോ. മൂലത്തിന്റെ ഒരു ശരിതർജ്ജമ
തന്നെയാണു് ഭാഷയ്ക്കാവശ്യമെന്നു വള്ളത്തോൾ നാരാ
യണമേനോൻ അവർകൾക്കു തോന്നി. ഹേമചന്ദ്രവി
ദ്യാരത്നം ബംഗാളിക്കും, ശ്രീനിവാസയ്യങ്കാർ തമിഴിനും
വേണ്ടി ചെയ്തതു യാതൊന്നോ അതിദ്ദേഹം സ്വഭാഷയ്ക്കു
വേണ്ടി ചെയ്തു. ഈ അനുഗൃഹീതകവി ഒരു മഹാപ്രാരം
ഭമത്രെ ഏതാദൃശമായ ഒരു ശുഭപരിണതിയിൽ എത്തി
ച്ചിട്ടുള്ളതു്. മലയാളഭാഷ സംസാരിക്കുന്ന ഏവരുടെ
യും അതിവേലമായ കൃതജ്ഞതയെ ഈ വിഷയത്തിൽ ഇ
ദ്ദേഹം അർഹിക്കുന്നു" എന്നാണു് മഹാമഹിമശ്രീ കേര
ളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്,
ഹൃദയംഗമമായി ഇതിനെ ശ്ലാഘിച്ചിട്ടുള്ളതു്. സ്വജീ
വിതത്തിൽ ഉത്കൃഷ്ടവിജയം ഇദ്ദേഹം ഈ ഭാഷാന്തരം
കൊണ്ടാർജ്ജിച്ചിരിക്കുന്നു എന്നു നിസ്സംശയം പറയാം.

പിന്നീടു് ഒരു ഉദാരോദ്യമത്തിൽ കൈവച്ചതു ചി
ത്രയോഗമഹാകാവ്യനിർമ്മാണത്തിലായിരുന്നു. കഥാസ
രിത്സാഗരാന്തർഗ്ഗതമായ ഇതിവൃത്തം ഒരു തടമായി
ക്കിടന്നതിലൂടെ മഹാകവിയുടെ രുചിരവചോമൃതം ഉച്ഛൃം
ഖലമായി പ്രവഹിക്കയത്രെ ചെയ്തതു്. ചിത്രനിമിത്തക
മായി താരാവലീചന്ദ്രസേനന്മാർക്കുണ്ടായ ഹൃദയസംഗ
വും, ദുസ്സഹമായ അയോഗവ്യഥകൾക്കും, വിധിവിപര്യ
യത്താലുണ്ടായ വിപദനുഭവങ്ങൾക്കും ശേഷമെന്നപോ
ലെ പുനർവിപ്രയോഗാനന്തരവും ഉള്ള അവരുടെ ചിത്ര

Digitized By Kerala Sahitya Akademi

മായ യോഗവും വൎണ്ണിച്ചു് അനപത്യനാമാവായിത്തീൎന്നിട്ടു ള്ള ഈ 'ചിത്രയോഗം' ചിത്രയോഗങ്ങളോടുകൂടിയ ഒരു സുശിക്ഷസംഘടിതത്തെയാണു് സഹൃദയലോകത്തിനു നല്കുന്നതു് ഇതു ഭാഷയുടെ പഞ്ചമഹാകാവ്യങ്ങളിൽ ഒരു പ്രധാനസ്ഥാനം വഹിക്കുന്ന ഛന്ദോവൃത്തങ്ങളെ ആശ്രയിച്ചും, ദ്വിതീയാക്ഷരപ്രാസാദികളെ ഭജിച്ചും, വൎണ്ണനാഡംബരങ്ങളിൽ മുഴുകിയും, ഒരു യഥാസ്ഥിതിക-ഗതിയെ അംഗീകരിക്കുന്ന എന്നു ഉൽകൃഷ്ടലോകത്തിൽ ധനാൎജ്ജനവ്യവസായചിന്നരായി അല്പമാത്രപ്രിയരായ ഇന്നത്തെ ഉൽപതിഷ്ണുക്കൾ പറഞ്ഞേക്കാമെങ്കിലും സാഹിത്യപിപാസുക്കൾക്കു ഇച്ഛാശാന്തി നല്കുന്ന വരശാലതടാകമായ ആ കാവ്യരത്നത്തെ ഭാഷാസാഹിത്യസൌധത്തിന്റെ ഒരാണിക്കല്ലായി എവരും സമാദരിക്കുമെന്നുള്ളതിനു സംശയമില്ല.

ആംഗലഭാഷയിൽ ലിറിക് (Lyric) എന്നറിയപ്പെടുന്ന സമ്പ്രദായത്തെ അനുസ്മരിപ്പിക്കുമാറു് കേരളത്തിൽ പ്രചാരപ്രാചുൎയ്യംസിദ്ധിച്ച ഖണ്ഡകാവ്യപ്രസ്ഥാനത്തിലൂടെ വള്ളത്തോളിന്റെ പ്രതിഭാവിലാസം പ്രസരിച്ചതിന്റെ ഫലങ്ങൾ ഹൃദ്യങ്ങളും അനവദ്യങ്ങളുമാണു്. ഈ ഖണ്ഡകാവ്യങ്ങളിൽ ഒന്നായി എണ്ണേണ്ടുന്ന "ഗണപതി" ചിത്രയോഗമഹാകാവ്യത്തിന്റെ 'ഗണപതിക്കുറിപ്പു' മാത്രമാണെങ്കിലും അഴകൊത്ത ഒരു കവിതയാകുന്നു. ഈ നവീനപദ്ധതിയിലും 'ഭാസകാളിദാസാദ്യന്മാരെയും പുലൎത്തിയ മാസുരസാരസ്വത ഭണ്ഡാരപൂരകളെ' വിസ്മരിച്ചുകളഞ്ഞു എന്നു പറയാവുന്നതല്ല. പുരാണങ്ങളിലെ സുന്ദരങ്ങളായ സന്ദൎഭങ്ങളെ ആസ്പദമാക്കിക്കൊണ്ടു്, ആശയങ്ങളിലും ആദൎശങ്ങളിലും അഭയസ്സു നവതപംനല്കി എതൊരു നവീനത്വം അഭിരോചകമാകുംവണ്ണം കവനംചെയ്യുന്നതിലുള്ള വിജയത്തിനു 'ബന്ധനസ്ഥനായ അനിരുദ്ധൻ', 'ശിഷ്യനും മകനും', 'ഒരുകത്തു'

മുതലായ കൃതികൾ സാക്ഷ്യംവഹിക്കും. പുരാണാനുഗതമായതെങ്കിലും, എത്ര പരിഷ്കൃതവും ഇന്നാദരിക്കുന്നവിധം സ്ത്രീധർമ്മത്തെ ഉഷയിൽക്കൂടി ആവിർഭവിപ്പിച്ചിട്ടുള്ളതും, 'ശിഷ്യനും മകനും' എന്നതിൽ, സതീർത്ഥ്യസാഹോദര്യത്തെ അനുശാസിച്ചിട്ടുള്ളതും, ഭക്തിയുടെ പശ്ചാത്താപാത്മകമായ 'ഒരു കത്തിൽ' പോലെ തെളിഞ്ഞിട്ടുള്ള പുതുമയും ആർക്കപലപിക്കുവാൻ കഴിയും? 'ബധിരവിലാപം', അതിന്റെ ജന്മഹേതുവിനു യോജിച്ചവിധം കരുണമയമായി, അനുഭവരസം തുളുമ്പുന്നതും, കരൾത്തടമലിയിച്ചലിയിച്ച് ആ പരാശക്തിയിലേക്കൊഴുക്കിവിടുന്നതിനു ശക്തമായ ഒരു കൃതിയാകുന്നു. 'മഗ്ദലനമറിയ'ത്തിന്റെ നിർമ്മാണത്തിൽ ഗതാനുഗതികപഥത്തിൽനിന്നു കവി ഒന്നു വ്യതിയാനംചെയ്തുവത്രേ. ഒരു ഷ്ടത്ത്' ലോകവിശുദ്ധികരനായ ക്രിസ്തുവിന്റെ പരിപാവന ചരിതാംശങ്ങളെ നമ്മുടെ സാഹിത്യത്തിലേക്ക് ഒരു ഹൈന്ദവകവി സ്വാഗതം ചെയ്യുന്നത് ഇദംപ്രഥമമായിട്ടായിരുന്നു. മഗ്ദലനമറിയം എന്ന വേശ്യാംഗന തന്റെ പാപത്തിനു അനുശയവതിയായി ക്രിസ്തുപാദത്തെ പ്രാപിച്ചു നിർവാണാർഹയായിത്തീരുന്ന ആ പവിത്രോദന്തം ജലതരംഗലീലയിൽ ചന്ദ്രകരങ്ങളെന്നതുപോലെ, വള്ളത്തോളിന്റെ സ്വരഗൗരവലോലവിലാസത്തിൽ എത്രകണ്ടു പ്രതിഭാസിച്ചു എന്നുള്ളതു വർണ്ണനാതീതമാണ്. 'കൊച്ചുസീത'യിലാകട്ടെ കവി ഒരു ഭാവനാഭാവസംഘടനയാൽ, ദുഷ്ടവും ജീർണ്ണിതവുമായ ദേവദാസീജനത്തിന്റെ കുലടാവൃത്തിയെ ഹൃദയഭേദകമാംവിധം ഭർത്സിക്കയും, 'ചാരുരാമാങ്കണത്തിന്റെ നാട്ടിൽ' ചാരിത്രപ്രതിഷ്ഠാപനത്തെ ഉദ്ബോധിപ്പിക്കയുമാണു ചെയ്യുന്നത്. അനാചാരധ്വംസനത്തിനും, സദാചാരസംസ്ഥാപനത്തിനും ഇത്തരം ഗ്രന്ഥങ്ങൾ എത്രത്തോളം സമർത്ഥമാണെന്നു വിവിധ സാഹിത്യങ്ങളുടെയും പൂർവ്വചരിത്രമെന്നതുപോ

Digitized By Kerala Sahitya Akademi

ലെ നമ്മുടെ ഭാവിയും വെളിപ്പെടുത്തിക്കൊള്ളും. പ്രകൃതിരാമണീയകത്തിൻെറ പ്രതിഫലനം 'ഋതുവിലാസ'ത്തിൽ നമുക്കു കാണാം. സംസ്കൃതഭാഷയിലെ അമരുകാദികളെ അനുകരിച്ചു രചിക്കപ്പെട്ടിട്ടുള്ളതും രസരാജനായ ശൃംഗാരത്തിൻെറ ലാസ്യകേളീരംഗവുമാണു് 'വിലാസലതിക.' സ്ത്രീപുരുഷന്മാരിൽ അവസരാനുഗുണമായി, ആന്തരമായും ബാഹ്യമായും ഉണ്ടാകുന്ന വികൃതികളുടെ സൂക്ഷ്മസ്വഭാവങ്ങളെ ശരിക്കു നിരീക്ഷണം ചെയ്യുന്നതിൽ മഹാകവിക്കുള്ള പാടവത്തെ ഉദാഹരിപ്പാൻ മറെറാന്നും ആവശ്യമില്ല. പുരാണപ്രസിദ്ധവും ഭദ്രകാളിയുടെ അവതാരകഥയെ സംബന്ധിക്കുന്നതും ഭക്തിസംവർദ്ധകവും ആയ 'ഭദ്രാവതാരം' എന്ന ഒരു തർജ്ജമകൃതിയും ഇദ്ദേഹത്തിൻെറതായുണ്ടു്.

അന്തഃകരണങ്ങളെ സമ്മേളിപ്പിച്ചും, പരിണാമഗുണ്യാദികളിൽ നിഷ്കർഷിച്ചും ഏതെങ്കിലും വസ്തുതയെ അനതിദീർഘമായി അനുവർണ്ണനം ചെയ്യുന്നതാണു് മേൽപറഞ്ഞതരം ഖണ്ഡകൃതികളിൽ ചെയ്യുന്നതു്. എന്നാൽ പ്രകൃതിയിൽനിന്നും, യദൃച്ഛയാ കവിഹൃദയത്തിൽ നിഴൽ വീഴുന്ന ലഘുപദാർത്ഥങ്ങളോ സംഭവങ്ങളോ ഉളവാക്കുന്ന സ്പന്ദനങ്ങളെ ആസ്വദിച്ചുകൊണ്ടുള്ള കവിയുടെ ഹൃദയത്തിൻെറ വികാരങ്ങളെ രേഖപ്പെടുത്തുന്നതാണു് ആ പ്രസ്ഥാനത്തിൽ സാധ്യമാകുന്നതല്ല. അതിനു ലഘുതരങ്ങളായ കവിതകൾ അനുപേക്ഷണീയങ്ങളാണു്. വസ്തുക്കളുടെയോ സംഭവങ്ങളുടെയോ ചില വശങ്ങൾ മാത്രം ഇവ പ്രത്യക്ഷപ്പെടുത്തുന്നു. ഇതാണു് കവികളെ ലഘുകവനാപ്രസ്ഥാനത്തിലേക്കു നയിച്ചതു്. കാവ്യാന്തരപാരതന്ത്ര്യരായ അന്യന്മാർ അതിനെ കുറ്റത്വമാരോപിക്കയും ചെയ്യുന്നു. ഈ പ്രസ്ഥാനത്തിൽ അത്യത്ഭുതമായ വിജയമാണു് വള്ളത്തോൾ സിദ്ധിച്ചിട്ടുള്ളതു്. ഇദ്ദേഹത്തിൻെറ അസാമാന്യമായ കവനകലാനൈപുണി ഈ രൂപത്തിൽ പ്രത്യക്ഷ



Digitized By Kerala Sahitya Akademi

മായിട്ടുണ്ടു്. ഇങ്ങനെയുള്ള ലഘുകവനങ്ങളുടെ സമാഹാരങ്ങളാണു് 'സാഹിത്യമഞ്ജരീഗ്രന്ഥങ്ങൾ.' ഇപ്പോൾ ഏഴു ഭാഗത്തോളം പ്രസാധനം ചെയ്തുകഴിഞ്ഞിട്ടുള്ള ഈ ഗ്രന്ഥമാലികയിൽ അടങ്ങിയിരിക്കുന്ന കവിതാരത്നങ്ങളിൽ ഒന്നിനെയെങ്കിലും പ്രത്യേകമായി ശ്ലാഘിക്കയെന്നുവന്നാൽ അതു മററുള്ളവയോടു ചെയ്യുന്ന ഒരു മഹാപരാധമായിരിക്കുമെന്നുഭയന്നു് ആ സാഹസത്തിനൊന്നും പുറപ്പെടുന്നില്ല.

പുരാണങ്ങളെ തർജ്ജമചെയ്യുന്ന അവസരങ്ങളിൽ ഹൃദ്യങ്ങളും കാവ്യോചിതങ്ങളും എന്നു തോന്നിയ ഭാഗങ്ങളെ, ആ വിധത്തിൽ രൂപപ്പെടുത്തിയിട്ടുണ്ടായിട്ടുള്ള കവിതകളുടെ സമൂഹങ്ങളത്രേ 'കാവ്യമഞ്ജരി' രണ്ടുഭാഗങ്ങളിലായി ലഭിച്ചിട്ടുള്ളതു്.

നാട്യകലയിലുള്ള മഹാകവിയുടെ പ്രവേശനംകൊണ്ടോ—അതിലുള്ള പ്രത്യേകാഭിരുചികൊണ്ടോ—ആയിരിക്കാം, ശാകുന്തളത്തെത്തുടർന്നു് അക്കാലത്തു് പ്രചാരത്തിലിരുന്ന സമ്പ്രദായത്തിൽ സംസ്കൃതനാടകങ്ങളെ ഭാഷാന്തരീകരിക്കുന്നതിനിദ്ദേഹം തുനിഞ്ഞു. ഭാസനാടകങ്ങളായ സ്വപ്നവാസവദത്തം, അഭിഷേകനാടകം, ഊരുഭംഗം, പഞ്ചരാത്രം, മധ്യമവ്യായോഗം എന്നിവകളും ഭാസ്കരകവിയുടേതായ ഉന്മത്തരാഘവപ്രേക്ഷണകവും വള്ളത്തോൾ മഹാകവിയുടെ ലളിതമോഹനമായ ശൈലീലാളിതമായി, സാമാന്യമലയാളികൾക്കു സുഗ്രാഹ്യങ്ങളായിത്തീർന്നിട്ടുണ്ടു്. ഇതു കൂടാതെ കഥകളിഭ്രമക്കാരനായ ഇദ്ദേഹം, ഔഷധാഹരണം എന്നൊരാട്ടക്കഥ സ്വന്തമായിട്ടും എഴുതിയിട്ടുണ്ടു്. ഇത്ര ഭ്രമം ഈ വിഷയത്തിൽ മുമ്പിനാലെ ഉണ്ടായിരുന്നിട്ടും കൂടുതലായി ഒന്നും രചിക്കാതിരുന്നതു് ഒരുപക്ഷേ, പുരാണഭൂമി മുഴുവൻ പൂർവന്മാർ പണ്ടേതന്നെ പതിച്ചുപോകകൊണ്ടായിരിക്കാം.

Digitized By Kerala Sahitya Akademi

ഈവിധം ഭാഷയുടെ കാവ്യസമ്പത്തിന് ഈ മഹാകവിവര്യൻ ഗണ്യമായ ഒരഭിവൃദ്ധിവരുത്തി; എന്നുതന്നെയല്ല അതിൽ ഒരു വിപ്ലവംകൂടി ഉളവാക്കി എന്നു പറയേണ്ടിയിരിക്കുന്നു. മുൻപറഞ്ഞതരം ലഘുകവനങ്ങൾക്കു ഇത്രമേൽ പ്രചാരം വരുത്തിയതു് ഇദ്ദേഹമാണു്. സമത്വം, സൗഭ്രാത്രം, സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള അഭിനവരാഷ്ട്രീയാദർശങ്ങളെയും, അയിത്തോച്ചാടനാദി സമുദായോദ്ധാരണ പദ്ധതികളേയും സ്വാരാജ്യസ്ഥാപനത്തെയും മററും അധികരിച്ചു് ഉദ്ബോധകമായ കൃതികൾ രചിക്കയും, ആ തത്വങ്ങളെ മുൻനിർത്തി ജീവിക്കയും ചെയ്യുന്നു എന്നുള്ളതു് ഇദ്ദേഹത്താൽ പ്രയുക്തമായ വിപ്ലവത്തിനുദാഹരണമാണു്. ഭാഷാവിഷയകമായിത്തന്നെ, സാഹിത്യകാരന്മാരിൽ കണ്ടിരുന്ന സംസ്കൃതൈകപ്രതിപത്തിയെ അപാകരിക്കുന്നതിനും ലളിതങ്ങളും മധുരങ്ങളുമായ ദ്രാവിഡപദങ്ങളെ എന്നപോലെതന്നെ ദ്രാവിഡവൃത്തങ്ങളെയും, പുനരാവിർഭവിപ്പിക്കുന്നതിനും വേണ്ടി നായകത്വം വഹിച്ചുകൊണ്ടു് പ്രസംഗിക്കയും പ്രവർത്തിക്കയും ചെയ്തു. ഇങ്ങനെ ഇദ്ദേഹം കവികളിൽ ഒരു പരിഷ്കർത്താവുകൂടി ആയിരുന്നു എന്നോർമ്മിക്കേണ്ടതാണു്.

ഒരു ഗദ്യകാരനും, നിരൂപകനും, വാഗ്മിയുമായിക്കൂടിയും വള്ളത്തോളിനെ ദർശിപ്പാൻ പ്രയാസമില്ല. ചെങ്കടൽപോലെ കിടക്കുന്ന പുരാണങ്ങളെ ഒന്നൊന്നായി മൂന്നുനാലോളം വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു് ഭാഷാഗദ്യസാഹിത്യത്തിനു ചെയ്തിട്ടുള്ള വലിയൊരനുഗ്രഹവും, ഇദ്ദേഹത്തിന്റെ ഗദ്യരചനാപാടവത്തിനുത്തമദൃഷ്ടാന്തവുമാണല്ലോ. പോരെങ്കിൽ, പത്രങ്ങളുടെയും മാസികകളുടെയും ആധിപത്യം വഹിച്ചു് ആ നിലയിൽ എഴുതിയിട്ടുള്ള ലേഖനങ്ങൾ എത്രയോ ഉണ്ടു്. നിരൂപണങ്ങളാണെങ്കിൽ അവയും ഇദ്ദേഹത്തിന്റെ

Digitized By Kerala Sahitya Akademi

താർക്കികബുദ്ധിയും, ചർച്ചാപടുതയും വേണ്ടവണ്ണം വെളിവാക്കുന്നതാകുന്നു. 'ഗ്രന്ഥവിചാരം' എന്ന പുസ്തകം ഏതാദൃശനിരൂപണങ്ങൾ ചിലതു സഞ്ചയിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. കവിതയിൽ 'വിളയിച്ച' അദ്ദേഹത്തിന്റെ വാചാപ്രസംഗങ്ങൾ അപൂർവമായിട്ടെങ്കിലും ഇന്നും നാം കേട്ടുകൊണ്ടിരിക്കുന്നതാണല്ലോ.

ചില വൈദ്യഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ളവയെപ്പററി മുൻപു പറഞ്ഞു കഴിഞ്ഞിട്ടുണ്ട്.

## കേരളകലാമണ്ഡലം

മഹാകവി വള്ളത്തോളിനെപ്പററി എന്തെങ്കിലും പറഞ്ഞവസാനിപ്പിക്കുന്നതിനു മുൻപ്, ഇദ്ദേഹത്തിന്റെ ഉഗ്രപരിശ്രമംമൂലം ഫലസിദ്ധിയിൽ എത്തിയിട്ടുള്ള കേരളകലാമണ്ഡലത്തെസ്സംബന്ധിച്ചുകൂടി അല്പം പറയാതിരിക്കാവുന്നതല്ല. സ്വന്തം നാട്യകലയിലെന്നല്ല നാനാകലകളിലും അഭിരുചിയും വൈദഗ്ദ്ധ്യവും ഉള്ള ഇദ്ദേഹത്തിനു ഒരു ജന്മോദ്ദേശ്യംതന്നെ ഉണ്ടായിരുന്നു. അഭിമാനപൂർവം കൊണ്ടാടത്തക്ക പല പ്രാചീനകലകളും കേരളത്തിൽ പ്രോത്സാഹനശൂന്യതയാൽ മങ്ങിക്കിടപ്പുണ്ടെന്നുള്ള വസ്തുത ലജ്ജയോടുകൂടിയെങ്കിലും സമ്മതിക്കേണ്ടതാണല്ലോ. അങ്ങനെയുള്ളതിൽ പ്രധാനപ്പെട്ട ചിലതിനെ ഉദ്ധരിക്കുന്നതിനാണ് ഈ കലാരസികൻ ശ്രമം തുടങ്ങിയതു്. അതിന്റെ ഉദ്ദേശ്യനിർവഹണത്തിനായി 'കേരളകലാമണ്ഡലം' എന്നൊരു സംഘം സ്ഥാപിച്ചു. ആ സംഘത്തിനുവേണ്ടി ഒരു ഭാഗ്യക്കുറി നടത്തിയും മററും മുക്കാൽ ലക്ഷം ഉറുപ്പികയോളം മൂലധനം ശേഖരിച്ചു 1106 തുലാമാസത്തിൽ വള്ളത്തോളിന്റെ ജന്മർക്ഷത്തിൻനാൾ കുന്നംകുളത്തു് ഒരു കളരിയാ

Digitized By Kerala Sahitya Akademi

രംഭിച്ചു. അതിപ്പോൾ മുളകുന്നത്തുകാവിനടുത്ത് അമ്പലപ്പുറമ്പിൽവച്ചു നടത്തിവരുന്നു. കഥകളിയും മോഹിനിയാട്ടവുമാണ് അതിലിപ്പോൾ മുഖ്യമായി അഭ്യസിപ്പിച്ചുവരുന്നതു്. ഇപ്പോഴും അതേ ലക്ഷ്യത്തിനുവേണ്ടി അവിശ്രാന്തം പ്രയത്നിച്ചുവരികയുമാണു്. മലയസ്റ്റേറ്റ്സ്, റംഗൂൺ മുതലായ സ്ഥലങ്ങളിൽ ഈയിടെ സഞ്ചരിക്കയുണ്ടായതും കലാമണ്ഡലത്തിനുവേണ്ടിത്തന്നെ ആയിരുന്നു. ഈ പ്രവർത്തനങ്ങൾക്ക് ഇദ്ദേഹത്തിനു നിത്യബന്ധുക്കളായിരുന്നിട്ടുള്ളവരാണ് ശ്രീമാന്മാരായ കൊച്ചിയിൽ മുകുന്ദരാജാ അവർകളും നാലപ്പാട്ടു നാരായണമേനവൻ അവർകളും. മഹാകവിയുടെ പഞ്ചേന്ദ്രിയങ്ങളിൽ ഒന്നായ ശ്രീമാൻ നാലപ്പാടന്റെ സേവനങ്ങൾ നാം കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്.

## ബിരുദങ്ങൾ.

വളരെ മുൻപുമുതല്ക്കു ഇദ്ദേഹത്തിന്റെ അഭ്യർഹിതത്വം മഹാന്മാരാൽ സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. ശ്രീമൂലം തിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ട് കൊച്ചിയിൽ എഴുന്നള്ളിയിരുന്നപ്പോൾ ഇദ്ദേഹത്തിനൊരു **വീരശൃംഖല** സമ്മാനിച്ചിട്ടുണ്ട്. ഈയിടെ മദിരാശിയിൽവച്ചു തീപ്പെട്ട കൊച്ചിമഹാരാജാവുതിരുമനസ്സുകൊണ്ട് തന്റെ ഷഷ്ട്യബ്ദപൂർത്തി പ്രമാണിച്ച്, **കവിതിലകൻ** എന്ന ബിരുദവും പിന്നീട് 1105-ൽ **കവിസാർവഭൗമൻ** എന്ന ബിരുദവും അദ്ദേഹത്തിനും കല്പിച്ചരുളിയിട്ടുണ്ട്. വെയിത്സ് രാജകുമാരൻ മദിരാശിയിൽ ആഗതനായപ്പോൾ, കല്പിച്ചുകൊടുപ്പാൻ കരുതിയിരുന്ന വിലയേറിയ സമ്മാനം (പട്ടും വളയും) ഇദ്ദേഹം സ്വീകരിക്കുകയുണ്ടാ

Digitized By Kerala Sahitya Akademi

യില്ല. ഭാഷാപാരായണികലോകത്തിൽ "കേരളത്തിലെ ടാഗോർ" എന്ന പ്രശസ്തനാമധേയത്താൽക്കൂടി ഇദ്ദേഹം സവിശേഷം അറിയപ്പെടുന്നുണ്ടു്. ആശയഗാംഭീര്യവും സൗകുമാര്യവും തികഞ്ഞു് വസ്തുക്കളുടെ ആത്മനീനമായ സൗന്ദര്യത്തെ പ്രതിബിംബിപ്പിച്ചുകൊണ്ടു് അനർഗ്ഗളം നിർഗ്ഗളിക്കുന്ന വള്ളത്തോൾകവിതകൾ നാനാപ്രകാരേണയും വംഗസാഹിത്യത്തിൽ ടാഗോർകവിതകൾക്കുള്ള മഹനീയസ്ഥാനം ഭാഷയിൽ വഹിക്കുന്നു എന്നത്രേ അഭിജ്ഞമതം.

## ഉപസംഹാരം.

ലോകത്തിന്റെ യഥാർത്ഥവും സുഗമവുമായ ഉദ്ധാരണം കലാമാർഗ്ഗത്തിൽക്കൂടെയാണെന്നു് തത്വവേദികൾ ഒന്നുപോലെ ഉദ്ഘോഷിക്കുന്നു. ശോകകലർപ്പില്ലാത്ത ആനന്ദം കലയിൽനിന്നല്ലേ ലഭിക്കുന്നുള്ളൂ. താദൃശകലകളിൽ അത്യുച്ചപദസ്ഥമായ സാഹിത്യത്തേയും, അതുപോലെ ഇതരകലകളേയും, പോററിരക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധനായ ഈ ലോകോദ്ധാരകൻ—മഹാകവി വള്ളത്തോൾ അവർകൾ—എന്തെല്ലാം ക്ലേശത്തെ സഹിക്കുന്നില്ല! ഇദ്ദേഹം ആയുരാരോഗ്യൈശ്വര്യങ്ങളോടെ ചിരകാലം വിജയിപ്പാൻ സർവേശ്വരൻ കടാക്ഷിക്കുമാറാകട്ടെ!

Digitized By Kerala Sahitya Akademi

# രണ്ടു താരങ്ങൾ.

## I

## അക്കരപ്പച്ച.

(മഞ്ജരി)

### മഹാകവി ഉള്ളൂർ.

1. ആഴിയിൽ വാനിൽനിന്നാദിത്യൻ വീഴുവാൻ
നാഴിക നാലഞ്ചു കാണുന്നേരം
ഗ്രാമത്തിൻ ചാരത്തായ് നീളത്തിൽ പ്പൊങ്ങിന
കോമളമാമൊരു കുന്നിലേറി
പൂമണം വീശിക്കൊണ്ടെത്തിടും പുത്തനാം
തൈമണിക്കാറ്റേറ്റു സൌഖ്യമായി
പച്ചപ്പുൽക്കോടിമെത്തയിൽ മേവിനാൻ
സ്വച്ഛന്ദചാരിയാം ബാലനേകൻ.

2. ആമട്ടിലങ്ങവൻ വാഴവേ കാണായി
മാമലയൊന്നേററം ദൂരത്തായി.
നീലമാം രത്നത്താൽ നിർമ്മിച്ച രീതിയി-
ലോലക്കമാർന്നെഴും മേനിയിങ്കൽ

---

1. സ്വച്ഛന്ദചാരി=ഇഷ്ടംപോലെ നടക്കുന്നവൻ.
2. ഓലക്കം=മനോഹരത്വം.

Digitized By Kerala Sahitya Akademi

തൂമഞ്ഞാൽനേരിയവെൺപട്ടുടുപ്പിട്ടും
വ്യോമത്തിൻമദ്ധ്യത്താൽതൊപ്പിവെച്ചും
പോക്കുകതിരിനാൽപ്പൊൻപണ്ടം ചാർത്തിയും
വായ്ക്കുമാവാത്തററശൈലം കാൺകെ
ആക്കിടാവിന്നുള്ളിലോരോ ചിന്തകൾ
പേക്കിനാവിൻപടി പൊങ്ങിമേന്മേൽ.

3. “ആക്കാണും മാമലയാകെപ്പൂണ്ടീശ്വര-
നാക്കത്താൻപാർക്കുവാൻതീർത്തതാമോ?
മൈലിൻകഴുത്തിനും മാനക്കേടേകുന്ന
നീലിമകോലുമക്കൊച്ചുരാജൻ
മുറ്റത്തുനിന്നെന്നെസ്സൂക്ഷിച്ചുനോക്കുന്നു,
കാരുണ്യക്കണ്ണുനീർവാർത്തിടുന്നു,
മാടമ്പിയായി ഞാൻ മാത്തട്ടിൽവാഴുവാൻ
മാടിവിളിക്കുന്നുമണ്ടിയാതെ.
വേഗമങ്ങെത്തിയാൽ മേന്മപൂണ്ടെൻനിറം
ശ്രീകൃഷ്ണൻതന്റേതാംതർക്കമില്ല
ഹന്ത! ഞാനെത്ര നാൾ മേവുമിക്കണ്ടകക്കൾ-
ക്കണ്ടകിണററിലെക്കൊച്ചുമീനായ്?

---

വ്യോമം=ആകാശം.
പോക്കുകതിർ=അസ്തമയസൂര്യന്റെ രശ്മി.
പൊൻപണ്ടം=സ്വർണ്ണാഭരണം.
വാത്തററ=ദീർഘമായ.
ശൈലം=പർവ്വതം.
പേക്കിനാവ്=പാഴ്സ്വപ്നം.
3. ആക്കം=ശക്തി—വ്യവസായം.
മാടമ്പി=പ്രഭു.
മാടിവിളിക്ക=കൈകാട്ടിവിളിക്ക.

Digitized By Kerala Sahitya Akademi

മാൺപെഴുമാമലമേലൊരു മേഘമായ്
ഞാൻ പറന്നെത്തുവാനാശിക്കുന്നു."

4. "അങ്ങൊന്നണയുവാൻ പാറുകിലപ്പുറം
മങ്ഗലമല്ലാതെ മറ്റൊന്നുണ്ടോ?
പാടിപ്പറന്നിടും പൈങ്കിളിയെക്കണ്ടെ-
ന്നോടിപ്പിടിച്ചു ഞാനുമ്മവെയ്ക്കും;
മാമരച്ചോലയിൽച്ചാടിക്കളിക്കുന്ന
മാനിന്നു പച്ചപ്പുൽ സൽക്കരിക്കും;
പീലിവിരിച്ചു നിന്നാടിത്തകർക്കുന്ന
മൈലിന്നണിയുവാൻ മാല നല്കും;
വെള്ളപ്പളുങ്കൊളി തിങ്ങീടുമരുവിയിൽ-
ത്തുള്ളിപ്പൊടിച്ചു തുടിച്ചുനീന്തും;
ചീങ്കുഴൽ വായിക്കും വണ്ടിനെപ്പോലെയുള്ളു-
ത്തേൻ കിനിഞ്ഞീടും പഴങ്ങൾ തിന്നാം.
പാറമേൽച്ചാരിക്കിടന്നുകൊണ്ടോരോരോ
കാറിൻനിരയുമായ് സല്ലപിക്കും;
വാനിൽനിന്നമ്പിളി വെൺകതിർതൂകുമ്പോ-
ളാനന്ദക്കോൾമയിർക്കുട്ടു ചാർത്തും;
മാമുനിമാരുടെ പൂജയ്ക്കു വേണ്ടുന്ന
തൂമലർ കൈക്കുമ്പിൾക്കാഴ്ചവെയ്ക്കും;
ഏതൊരു ദേവതയെത്തിക്കുമെന്നെയാ-
ബ്ഭൂതലസ്വർഗ്ഗത്തിൻ പൊന്മടിയിൽ?"

---

മാൺപു് = ശോഭ.

4. ചോല = തോപ്പു്.
ചീങ്കുഴൽ = ഊത്തുകുഴൽ—ഓടക്കുഴൽ.
കിനിയുക = ഊറുക—ഒലിക്കുക.
കോൾമയിർ = രോമാഞ്ചം.

Digitized By Kerala Sahitya Akademi

5. കേഴുകയായിവാക്കൊന്നപ്പോലകന്നേര-
“ത്രാക്കാംഞാൻനിന്നെയമ്മാമലയിൽ.
കണ്ണൊന്നടച്ചുകൊൾക നീ പൈതലേ! കാൽക്ഷണം;
നിന്നിഷ്ടമെല്ലാംനിൻകൈക്കലാകും.
ഞാനൊരുദേവത; മാഴ്കൊല്ല; നിന്നെയെൻ
പാണിയിൽത്താങ്ങിഞാനങ്ങണച്ചോളാം.”
കണ്ണടച്ചീടിനാനപ്പുണ്ണുംബാലകൻ
ചെന്നണഞ്ഞീടിനാനമ്മലയിൽ.

6. ഹാ! കഷ്ടമങ്ങുള്ളതൊന്നില്ലമസ്സാധു-
വാകാംക്ഷതാപമേകണ്ടതില്ല;
നീലനിറത്തിൻ നിഴലാട്ടംപോലുമ-
ദ്ദേശത്തിലെങ്ങുമേ വാച്ചതില്ല.
പായൽപടർന്നോരുപാറപ്പരപ്പുകൾ;
പാഴ്ക്കുളംപൂണ്ടാളും മുൾച്ചെടികൾ;
പാതിരാക്രൂരതയു പഴകുന്ന കാനങ്ങൾ;
പാതാളംകാട്ടുംവിടവിടകൾ;—
മേലോട്ടുകുന്നുകൾപൊങ്ങുന്നുവിണ്ണോളം;
കീഴോട്ടുതാഴ്ചകാണില്ലെങ്ങും;
പാഴിത്തീക്കൊപ്പമലച്ചുപൊലിപ്പിച്ചു
പാതമൂടക്കുന്നുകാട്ടാനകൾ;
തീക്കൺതുറിപ്പിച്ചുതീനിനായ്നില്ക്കുന്നു
വ്യാഘ്രങ്ങൾ വാപൊളിച്ചങ്ങുമിങ്ങും;

---

5. മാഴ്കുക=ദുഃഖിക്ക
പാണി=കൈയ്

6. ആകാംക്ഷതാപം=മോഹം.
കാനം=വനം—കാട്.
വിടവിടകൾ=വിള്ളുകൾ.
വിണ്ണ്=സ്വർഗ്ഗം—ആകാശം

Digitized By Kerala Sahitya Akademi

മാർത്തടംകുത്തിപ്പിളർക്കുവാൻതയ്യാറായ്-
പോത്തുകൾപായുന്നു നാലുപാടും;
വള്ളികൾപോലവെ തൂങ്ങുന്നുപാമ്പുകൾ
പൊള്ളമരങ്ങൾതൻപൊത്തിൽനിന്നും;
കാണുന്നതൊക്കെയും വെൺചാമ്പലാക്കുന്ന
കാട്ടുതീചുററുംപടർന്നിടുന്നു.

7. മൈനയെക്കണ്ടീല; മൈലിനെക്കണ്ടീല;
മാനിനെക്കണ്ടീലമ്മാണവകൻ;
മാനവരായൊരു ഭൂതരെക്കണ്ടീല;
മാമുനിമാരെയോ പിന്നെയല്ലോ.
ഒക്കെയും ദുർഘടമൊക്കെയും കർക്കശ-
മൊക്കെയും നിഷ്ഠുരമഗ്ഗിരിയിൽ.
ചാർവ്വംഗിയല്ലതിൻരൌദ്രയാംദേവത;
പാർവ്വതിയല്ലതു ഭദ്രകാളി.
അക്ഷികളോടിച്ചാൽ ചുററുമപ്പാലകൻ
രക്ഷയ്ക്കുമാർഗ്ഗമൊന്നില്ലതന്നെ.

---

മാർത്തടം=നെഞ്ച്.

7. മാണവകൻ=കുട്ടി.
ഭൂതർ=സത്വങ്ങൾ.(Beings)
മാനവർ=മനുഷ്യർ.
കർക്കശം=കഠിനം
നിഷ്ഠുരം=ക്രൂരം.
ഗിരി=പർവ്വതം.
ചാർവംഗി=ചാരു+അംഗി—സുന്ദരി.
രൌദ്രയായ അതിന്റെ അധിദേവത സുന്ദരിയായിരുന്നില്ല.
(അവിടത്തെ കാഴ്ച അഴകുള്ളതായിരുന്നില്ല.)
അക്ഷികൾ=കണ്ണുകൾ.

Digitized By Kerala Sahitya Akademi

അധ്വാവുകാണാതെ കേഴുമപ്പാവത്തി-
ന്നധ്വാനമൊന്നുതാൻ മിച്ചമായി.
ആധിക്കുപാത്രമായ് "ഹാ! ധിക്" എന്നോതിക്കൊ-
ണ്ടാതിഥ്യമാശിച്ചോൻ നിന്നിടുന്നു;
ഉണ്മതിന്നെത്തിയോരോമനക്കുട്ടനു
മണ്മറഞ്ഞീടുവാൻ മാത്രമേവേണ്ടു!

8. ദൂരത്തുനോക്കവേ കാണായിബാലനു
വാരുറ്റനീലിമമങ്ങൊരേടം;
പിന്നെയും പിന്നെയുമായതു പാർത്തവൻ
തന്നുള്ളിലിങ്ങനെയോർത്തുനിന്നാൻ:
"ഞാൻപണ്ടുകണ്ടതാം നീലിമതാനിതു;
ഞാൻപണ്ടിരുന്നതാക്കുന്നിതുംതാൻ,
അത്യുച്ചമക്കോട്ടോ പാർത്തതിങ്ങനെവി-
ട്ടാജ്ജഗന്മോഹനമായവണ്ണം?
സത്യത്തിലിത്രയ്ക്കുസൌന്ദര്യംവാച്ചതോ
നിത്യംഞാനേറുമഗ്രാമശൈലം?
മഞ്ജുളമാമതിൻമാഹാത്മ്യമെൻമിഴി-
യിത്തൊടിയോളവും കണ്ടീലല്ലോ.

---

അധ്വാവ് = വഴി.
അധ്വാനം = ശ്രമം.
ആധി = മനഃപീഡ
ധിക് = വെറുപ്പിനെ കാണിക്കുന്ന ഒരു വ്യാക്ഷേപകം.
ആതിഥ്യം = അതിഥിഭാവം.
ഉണ്മതിന് = ഉണ്ണുവതിന് — ഉണ്ണാൻ.
മണ്മറയുക = മരിക്ക.

8. നീലിമ = നീലനിറം.
ഇത്തൊടി = ഈ ക്ഷണം.

Digitized By Kerala Sahitya Akademi

9. “ദേവതേ!യെൻപൊന്നുദേവതേ!യെങ്ങുനീ?
ചേവടികുമ്പിടാമിങ്ങുപോരൂ!
പോരുമേ പോരും ഞാൻ ദോഷനായ്‌വാണതീ-
മാരണശൈലത്തിൻ വായ്ക്കുഴിയിൽ.
മാൺപെഴുമേറെക്കണ്ണിനില്ലയൊട്ടല്ലത്ര-
ഞാൻപണ്ടുമേവിനനല്ലശൈലം?
ആയതിൽക്കൊണ്ടുചെന്നാക്കണേ തൽക്ഷണം
നീയല്ലാതില്ലല്ലോ താങ്ങൽ ഏറേ.
അങ്ങുതാൻ പറഞ്ഞുപോയ്‌നില്ക്കുന്നൂരവെ-
ച്ചിങ്ങു ഞാൻ കണ്ടതാം ചേലും ചെമ്മും.
അങ്ങു ഞാൻ ചെല്ലുമ്പോളുകളുള്ള കാർമുകി-
ലിങ്ങുപാഞ്ഞെത്തിടാം; വന്നിടട്ടെ.
ഞാനങ്ങുമേലിലും പണ്ടേക്കണക്കെല്ലാ-
രാനന്ദം നേടുന്നതാർ തടുക്കും?

10 “അങ്ങുള്ള മുള്ളുകടന്നുവേകയില്ലെന്നെ-
ച്ചുങ്ങാതിഹർഞ്ഞാങ്ങൾ പാണ്ടുപക്ഷേ;
ചെടിപ്പിക്കിലുമെന്നെപ്പുതൃരക്ഷ,യെന്റെ
വീടുമെന്നിക്കുള്ളൊരാപ്പമല്ലോ.
നീണാളായ്‌ശീലിക്കമതാനും മർത്ത്യന്നു
ചേണാർന്നതൊന്നിട്ടു പിന്നതാരിൽ.
വേപ്പിന്നകം പാരമങ്ങു കല്പമായ്‌സേവിച്ചേ;
പാമ്പുകപ്പെഴകിലാൽ നല്ലതത്രേ.

---

9. മാരണശൈലം=കൊലയ്ക്കുള്ള പർവതം.
താങ്ങൽ=സഹായം—തുണ
ചേലും ചെമ്മും=അഴകും വടിവും (ഭംഗി)

10. നീണാൾ=വളരെക്കാലം.
ചേണാർന്ന്=ഭംഗിയുള്ളതായി.
കല്പം=നിയമേന ഉപയോഗിക്കുന്ന ഔഷധം.

Digitized By Kerala Sahitya Akademi

അക്കരപ്പച്ചക്കണ്ടാനന്ദംനേടുവാ-
നിക്കരനില്ലിച്ച മാർഗ്ഗമുള്ളൂ.
വാനത്തിൻനീലിമഗോചരമാകുവാൻ
മാനവൻമണ്ണിൽത്താൻ വാണിടേണം;
പേശലമായിട്ടും ഭാവിതൻരൂപത്തെ-
യാശയാം ചില്ലുതാൻകാട്ടിടേണം.
ദൂരത്തുറാന്തലിൻമാതിരികത്തുന്ന
സൂര്യനും ചന്ദ്രനും താരകളും
പാരത്തുപാർക്കുമ്പോളൂഴിയോടൊക്കുന്ന
പാരകൾതാനെന്നായ് പ്രാജ്ഞർചൊൽവൂ.
കാലവും ദേശവും ദൂരത്തുപാർക്കിലോ
കാഴ്ചയ്ക്കുകൊള്ളാവൂനമ്മൾക്കെല്ലാം.
തൻപരിതഃസ്ഥിതി സർവ്വംസൌന്ദര്യ-
സമ്പന്നമായ്ക്കാണ്മോൻതന്നെയന്യൻ ”

11. ഈവിധമോർമ്മപ്പോലതനാക്കൊണ്ടുപോയ്-
ദേവതപണ്ടത്തെത്തട്ടികലിലാക്കി.
സൃഷ്ടിതൻതത്ത്വംധരിക്കെക്കൊണ്ടന്നവ-
ന്നസ്ഥിയും നിദ്രയും പുഷ്ടമായി.

---

ഗോചരം=ദൃഷ്ടിവിഷയം.
പേശലം=ആകർഷകം.
ചില്ലു്=സ്ഫടികശകലം.
താരകൾ=നക്ഷത്രങ്ങൾ.
പാരകൾ=ലോകങ്ങൾ.
പ്രാജ്ഞർ=അറിവുള്ളവർ (ജ്യോതിശ്ശാസ്ത്രവിശാരദർ)
പരിതഃസ്ഥിതി=ചുറ്റുപാടു്

11. അഞ്ജി=കേഷണം.
പുഷ്ടം=വളർന്നതു്—പുഷ്ടി.

Digitized By Kerala Sahitya Akademi

# II

## പ്രകൃതിയുടെ മനോരാജ്യം.

( കേക )

---

### മഹാകവി വള്ളത്തോൾ.

---

1 അരുണച്ഛായം തേച്ച വാരുണിച്ചുവരിന്മേൽ-
കരിയാൽക്കക്രാപുക്രാ വരച്ചാനങ്ങിങ്ങാരോ;
നര, നീ നന്നായ്ക്കെട്ടും കോട്ടമേൽക്കൂടെക്കൂടെ-
ത്തെറിപ്പിയ്ക്കാറില്ലേ ചോര, യജ്ഞാതമേതോ ഹസ്തം!
അഥവാ ചുകന്നൊരു പാനീയഗ്ലാസ്സോ
പതിച്ചുകാണാകുന്നു പശ്ചിമവ്യോമാന്തത്തിൽ?
കാർമുകിൽക്കഷ്ണങ്ങളാമക്ഷരങ്ങളാലത്ര

---

1. അരുണച്ഛായം=ചെഞ്ചായം.
വാരുണി=പടിഞ്ഞാറെ ദിക്ക്
കക്രാപുക്രാവരച്ചു=അലക്ഷ്യമായി തല്ലുമിട്ടും വരച്ചു.
നര!=മനുഷ്യ!
അജ്ഞാതം=അറിയപ്പെടാത്ത.
ഹസ്തം=കൈയ്
പശ്ചിമവ്യോമാന്തത്തിൽ=പടിഞ്ഞാറെ ആകാശത്തിന്റെ അറ്റത്ത്.
കഷ്ണം=കഷണം—തുണ്ടം.

Digitized By Kerala Sahitya Akademi

യാമിനീവരവിനെപ്പരക്കെയറിയിപ്പൂ.
ഏത്ര നന്നു, വം മുല്ലാടറിയപ്പെട്ടിട്ടാണു
മത്ത്യന്നു വെളിച്ചം പോയിരുട്ടു ചേരുവതെങ്കിൽ!

2 കാർനുറുങ്ങുകളിഴഞ്ഞതാണൂമിന്നപരാദ്രി-
ക്കൊടിമേൽത്തട്ടിലെല്ലാം കാട്ടാനക്കിടാവായി;
സ്വല്പനേരത്താലെത്തും, ദിവ്യകാമുകർ കേളി-
ക്കുൾപ്പൂകിയതാകുമൊരു പച്ചിലക്കാവായ് മാറി.
ഒട്ടതിലുള്ളൊരു മൃഗം, മൊട്ടിടെയുള്ളൊരു ഖഗം,-
മൊട്ടിടെയുള്ളൊരു നഗം, മൊട്ടിടെയുള്ളൊരു നാഗം—
മട്ടെഴുന്നുടനവർ പൂണ്ടീല മേഘാംശങ്ങൾ?
കെട്ടിയാടീടുന്നോ നാനാവേഷമിങ്ങിനെ ഞാനും!

3 കാരിരുമ്പണിക്കപ്പലൊന്നതാ, തീക്കപ്പെട്ട
കാറിനാലതിലുൾക്കപ്പുറം ചെങ്കടലിങ്കൽ;
ദൂരത്തെയ്യതിൽ കേറിക്കൊണ്ടുപോകയില്ലല്ലീ-

---

യാമിനി = രാത്രി
മുല്ലാട് = മുൻകൂട്ടി
വെളിച്ചംപോയിരുട്ടുചേരുവതു് = നല്ലകാലംപോയി, ചീത്ത കാലം വരുന്നതു്.

2. കാർനുറുങ്ങു് = മേഘശകലം.
അപരാദ്രി = പടിഞ്ഞാറെ (അസ്തമന) പർവതം.
ദിവ്യകാമുകർ = ദേവലോകത്തെ കാമിനികാമുകന്മാർ.
ഉൾപ്പുക = ഉള്ളിൽ പ്രവേശിക്ക.
ഖഗം = പക്ഷി.
നഗം = പർവ്വതം.
നാഗം = പാമ്പ്—ആന.

Digitized By Kerala Sahitya Akademi

സാരമാം നിൻചെംപൊന്നിതൊക്കയും
സായംസന്ധ്യേ!
ആറേഴു മുഴത്തോളം ഗമിച്ചുകപ്പലൊരു
പാറമേലടിച്ചുപോലുടഞ്ഞു ചിതറിപ്പോയ്;
ഞൊടിനേരത്തേയ്ക്കതിൻ നെടുതാം ചില കഷ്ണം
തുടുവെള്ളത്തിൽപ്പൊന്തിക്കിടക്കും മുതലയായ്.

4 എന്തിനംബികേ, വിശ്വകർത്രിയാമവിടുന്നി-
ന്നെന്മനോരാജ്യങ്ങളെ — യെൻ പകൽ സ്വപ്നങ്ങളെ —
നവമാമൊരു ഛായാഗ്രാഹിയന്ത്രത്തിൽപ്പക-
ർത്തിവനെക്കളിയാക്കാൻ ലോകരെക്കാണിക്കയോ?
ഭവിക്കുന്നീലേതും മേ ലജ്ജ നിൻപരിഹാസാൽ:
ഭയവും വറുതിയും വളന്ന ഭുവനത്തിൽ
വാട്ടമറ്റുയിർക്കൊൾവതെങ്ങിനെ, മനംകൊണ്ടു
കോട്ട കെട്ടലും കപ്പൽ വെയ്ക്കലുമില്ലാതീ ഞാൻ?
അല്ലെങ്കിലെന്തു നഷ്ടമോ, യോരോരോ മനോരാജ്യം

---

3 സായംസന്ധ്യ=വൈകുന്നേരത്തെ സന്ധ്യ.
തുടുവെള്ളം=ചുവന്നവെള്ളം.
പൊന്തി=ഉയന്നു.

4 വിശ്വകർത്രി=ലോകത്തെ ചമയ്ക്കുന്നവൾ—പ്രകൃതി.
നവം=പുത്തൻ.
ഛായാഗ്രാഹിയന്ത്രം=പടമെടുക്കുന്ന യന്ത്രം.
വറുതി=ദാരിദ്ര്യം.
ഉയിർക്കൊള്ളുക=ജീവിക്ക.



Digitized By Kerala Sahitya Akademi

കൊള്ളുമാറുണ്ടോ വൃഥാ കല്യയാം പ്രകൃതിയും,
എന്റെതുപോലല്ലാതെമൂർത്തമായ് വെളിയിൽ വ-
ന്നെപ്പേർക്കും മിഴികൊണ്ടു കാണാവതാകുംവണ്ണം?

---

കല്യ=സർവശക്തിയുള്ളവൾ.

മൂർത്തമായ്=മൂർത്തിമത്തായി—സ്വരൂപമായി.

എപ്പേർക്കും=എല്ലാവർക്കും.

Digitized By Kerala Sahitya Akademi

## III

# നാല്ക്കാലിയും ഇരുകാലിയും.

( മ ഞ്ജ രി )

## മഹാകവി വള്ളത്തോൾ.

1. എന്നൊട്ടുമാവേ, നിൻ താഴത്തെക്കൊമ്പുക-
ളുന്നനവാസന്തച്ചൂടിനാലേ,
എന്താസ്വദിയ്ക്കുവാനാണീ നിലത്തേയ്ക്കു
ചെന്തളിർനാവുകൾ നീട്ടിനില്പൂ!
മീതേ ശുകാഭമാം പത്രൗഘം; താഴത്തോ,
ചൂതമേ, പാടലപല്ലവൌഘം;
നേർക്കിറയത്തു ചെംപട്ടുവെള്ളിയുട
ളുക്കിയ പച്ചപ്പൂമേടയായ് നീ.

2. വന്നു വസന്തൻ, മുടപ്പിയ്ക്കയും ചെയ്തു
സുന്ദരച്ചെങ്കുരുന്നാട നിന്നെ;

---

1: ശുകാഭം=കിളിയുടെ വർണ്ണത്തോടുകൂടിയ
പത്രൗഘം=ഇലകളുടെ കൂട്ടം.
ചൂതം=മാവു്.
പാടലപല്ലവൌഘം ഇളംചുവപ്പുവർണ്ണത്തിലുള്ള തളിരിന്റെ (കൂട്ടം

2 ആട=വസ്ത്രം

Digitized By Kerala Sahitya Akademi

എന്നാലിതൊന്നുമറിഞ്ഞീലാ, മാകന്ദ-
വൃന്ദപ്രിയങ്ങൾ പികങ്ങളെന്നോ?
വ്യർത്ഥമിസ്സമ്പത്തു; കാണ്മീലാ, കേൾക്കുന്നീ-
ലത്ര ഭവാങ്കലൊരാൺകുയിലും
പല്ലവമെങ്ങാനും കൊത്തിത്തിന്നുന്നതോ,
പഞ്ചമരാഗത്തിൽപ്പാടുന്നതോ,
"നാനാവിധങ്ങളാം തീക്ഷ്ണാപശബ്ദങ്ങൾ
നാൾതോറുമേറുന്നു നാട്ടിലെങ്ങും;
നാമിനി മൗനമേ കൊൾകെ"ന്നുറച്ചിതോ,
കോമളകണ്ഠരാം കോകിലങ്ങൾ!

3. ആകട്ടെ, കോകിലത്തിനു നിവല്ലഭ-
മാസ്വാദ്യമല്ലാതായ്ത്തീർന്നിരിക്കാം;
കോകിലംപോലെ കറുപ്പാണൊരാടിതാ,
പൈ കലർന്നോടിയെത്തുന്നു നിങ്കൽ.
മടങ്ങിവരുമിതിൻ ചുണ്ടു തെരുതെരെ-
യുണ്ടു, നിതാന്തമിളക്കീടുന്നു:

---

മാകന്ദവൃന്ദം=മാവിൻകൂട്ടം.
പികം=കുയിൽ.
വ്യർത്ഥം=വെറുതെ—നിഷ്ഫലം
പഞ്ചമരാഗം=ഒരു സ്വരവിശേഷം; കോകിലോ രൗതി പഞ്ചമം,'
തീക്ഷ്ണാപശബ്ദങ്ങൾ=കഠിനങ്ങളായ അപശബ്ദങ്ങൾ
കോമളകണ്ഠർ=മൃദുസ്വരത്തോടുകൂടിയവർ.
കോകിലം=കുയിൽ

3 പൈ=വിശപ്പ്.
നിതാന്തം=ഏറ്റം.

Digitized By Kerala Sahitya Akademi

ഹന്ത, വിശപ്പാം പിശാചിനെയോടിപ്പാൻ
മന്ത്രം ജപിയ്ക്കുകയായിരിയ്ക്കാം!
ആടിന ചെങ്കുരുന്നോരോന്നും ചുംബിച്ചി-
താടിന്റെ പൊങ്ങിയ്ക്കുമാനനത്തെ;
ചൂതത്തിൻശാഖയസ്സാധുവിൻ വക്ത്രത്തിൽ
സ്വാദുപ്രവാളത്തെയർപ്പിയ്ക്കയായ്;
ഏതോ തുടുത്തോരു നൽപ്പലഹാരത്തെ-
പ്പൈതലിൻവായിലൊരമ്മപോലെ.

എന്തൊന്നോ ശ്യാമപത്രാഭ്രച്ചുവട്ടിലൊ-
രന്തിച്ചുകപ്പായ്സ്സമുല്ലസിച്ചും,
അക്കിരണമൊക്കെ വിഴുങ്ങീ ക്രമത്താലെ-
യിക്കറുത്താടായ രാവിൻ മുഖം.

4. പിന്നെയും, മേൽവശത്തുള്ള ദളങ്ങളെ-
ത്തിന്നുവാനിച്ഛ പൂണ്ടീനാല്ക്കാലി
മുങ്കാലു രണ്ടുമെടുത്തോരു ചില്ലമേൽ-
സ്സംഘടിപ്പിച്ചു നിവന്നുനിന്നാൻ.

---

ചെങ്കുരുന്ന്=ചെന്തളിർ.

ആനനം=മുഖം.

വക്ത്രം=മുഖം.

സ്വാദുപ്രവാളം=രുചിയുള്ളതളിർ.

തുടുത്ത=ചുവന്ന.

ശ്യാമപത്രാഭ്രം=കറുത്ത ഇലയാകുന്ന ആകാശം.

4. ദളം=ഇല.

ചില്ല=ചെറിയകൊമ്പ്

Digitized By Kerala Sahitya Akademi

കണ്ടു, ഉപരിസ്ഥമാം ഭോജ്യം ഭുജിയ്ക്കുവാൻ
രണ്ടുകാലിന്മേൽ നിന്നീടുമാറേ,
ഭൂയിഷ്ഠഭക്ഷ്യൈകസക്തിയാൽത്തുല്യർതാൻ
നീയു,മിരുകാലിയായ ഞാനും.
ഏന്തും പശിയെശ്ശമിപ്പിച്ചുപോരുന്ന
ശാന്തമൃഗമേ, നിൻനേർക്കു ചാടാൻ
തക്കം പാർത്തുണ്ടൊരു, ചെന്നായ വന്നിപ്പോൾ
നില്ക്കുന്നു നിൻ ചാരത്തെന്നിരിക്കിൽ —
അയ്യോ! വരാതിരിയ്ക്കട്ടെയദ്ദുർദ്ദശ! —
നിയ്യതു കഷ്ടിച്ചറിഞ്ഞുവെന്നാം;
എന്നാൽ, മനീഷിയാം മാനുഷൻ കാണുകി-
ല്ലെ,ന്നും കെടാത്ത ബുഭുക്ഷാമൂലം,
നിർദ്ദയദംഷ്ട്രാഭയാനകവക്ത്രനാം
മൃത്യുവിൻ സന്തതസാന്നിധ്യത്തെ!

---

ഉപരിസ്ഥം=മുകളിൽ സ്ഥിതിചെയ്യുന്നതു്.
ഭോജ്യം=തിന്മാനുള്ള വസ്തു.
ഭൂയിഷ്ഠഭക്ഷ്യൈകസക്തി=ഏറെത്തിന്നുന്നതിലുള്ള മുഖ്യാസക്തി.
പശി=വിശപ്പു്.
മനീഷി=വിദ്വാൻ—ബുദ്ധിയുള്ളവൻ.
ബുഭുക്ഷ=തീററിക്കൊതി.
നിർദ്ദയദംഷ്ട്രാഭയാനകവക്ത്രൻ=ക്രൂരദംഷ്ട്രകൾകൊണ്ടു് ഭയങ്കരമായ മുഖത്തോടുകൂടിയവൻ.
സാന്നിധ്യം=നിത്യസഹചാരിത്വം.

Digitized By Kerala Sahitya Akademi

# ആസ്വാദനങ്ങൾ.

---

(സി. എസ്സ്‌ സുബ്രഹ്മണ്യൻപോററി **M. A.**)

മഹാകവികളുടെ — കേരളഭാഷാസാഹിത്യസാമ്രാജ്യസിംഹാസനത്തിൽ ഏകാധിപത്യമാണ്ടു പ്രശോഭിക്കുന്ന രണ്ടു കവിചക്രവൎത്തിമാരുടെ—രണ്ടോ മൂന്നോ പരിപക്വസാഹിത്യഫലങ്ങളുടെ സ്വാദിനെക്കുറിച്ചു കേരളീയരെ ഞാൻ മനസ്സിലാക്കണമെന്നു് 'ഉള്ളൂർ വള്ളത്തോൾ വായനശാല'യ്ക്കുവേണ്ടി ശ്രീമാൻ എം. കുഞ്ഞുണ്ണിനായർ ആഗ്രഹിക്കുന്നു. ഈ കാവ്യപാകങ്ങളുടെ രുചിയറിഞ്ഞു് ഭിന്നരുചിക്കാരായ സഹൃദയന്മാരെ അറിയിക്കാൻതക്ക വൈദഗ്ദ്ധ്യം എനിക്കുണ്ടെന്നു് ഒരു ഉൽകൃഷ്ട വായനശാലയിൽ ഗ്രന്ഥങ്ങളുടെ ചങ്ങാത്തത്തോടുകൂടി കാലംകഴിക്കുന്ന ശ്രീമാൻ നായൎക്കു തോന്നിയ അഭിപ്രായത്താൽ ഞാൻ ധന്യനായിരിക്കുന്നു എന്നു് ആദ്യമായി പറയാതെ കഴികയില്ല..........................................

..........................................................താരുണ്യം തുടങ്ങി പരസ്പരം ആതിഥ്യഗ്രഹണത്തിൽ കഴിഞ്ഞുപോരുന്നവരാകുന്നു ഞാനും ശ്രീമാൻ പരമേശ്വരയ്യരവർകളും. അദ്ദേഹത്തിന്റെ കവിതാദേവി താരുണ്യത്തിൽ തുള്ളിച്ചാടുന്നതും യൌവനത്തിൽ ആഭ്യന്തരവികാരസൌമാഗ്ര്യംകൊണ്ടും, ബാഹ്യസൌന്ദൎയ്യധോരണികൊണ്ടും ഉലകിട്ടു കളിക്കുന്നതും, അതു രണ്ടും ഉറച്ചു പ്രൌഢതയിൽ പ്രവേശിച്ചു് ഗാംഭീൎയ്യരസംകൂടി തുളുമ്പിച്ചു് മറവുള്ളവരിൽനിന്നു് ഒന്നുകൂടി മുകളിലേയ്ക്കു കടന്നു് അധികമാരും സ്വപ്രഭാവത്തെ പ്രസരിപ്പിക്കുന്നതും, ഇപ്പോൾ വാൎദ്ധക്യദശയിൽ കുട്ടികളിയോടൊരുമിച്ചു് മനസ്സമാധാനവും പ്രശാന്തഗാംഭീൎയ്യവും കൂടി ലോകം മുഴുവൻ ആസ്ഥാനസ്ഥലങ്ങളിലേക്കുപോലെ തങ്കത്തിൻപ്രഭാവിലാസം പരത്തുന്നതും എല്ലാം ഞാൻ അനുഭവിച്ചുപോരുന്നതാണ്

ബാല്യത്തിന്റെ മനോരഥം പ്രായത്തികവിന്റെ അവധാനപൂൎവ്വമായ ചിന്തയാലുണ്ടാകുന്ന പാകസംസ്കാരങ്ങളിലൂടെ കടന്നു പ്രകാശിക്കുന്ന ഒരു ഉത്തമ ചെറുകവിതയാകുന്നു 'അക്കരപ്പച്ച.' ഇക്കരെനില്ക്കും പശുവിന്നു് അക്കരെയാണു നല്ല പുല്ലുള്ളതെന്നു തോന്നും. അക്കരച്ചെല്ലുമ്പോൾ ഇക്കരെയും. എന്നൊരു ലോകോക്തി പലതും

Digitized By Kerala Sahitya Akademi

കെട്ടിട്ടുണ്ടായിരിക്കാമെങ്കിലും അതിത്ര മനോഹരമായ ഒരു കവിതാചന്ദ്രികയായി പരിണമിച്ച് ഞങ്ങളുടെ ഹൃദയത്തെ ആഹ്ളാദിപ്പിക്കുമെന്ന് ആരും വിചാരിച്ചിരിക്കയില്ലെന്നു നിശ്ചയം.

നവംനവങ്ങളായ ആശയവിശേഷങ്ങളാണെങ്കിൽ അനേകമനേകമായി തിക്കിത്തിരക്കി മുമ്പോട്ടുവരുക; സാർത്ഥങ്ങളായ പദസംഹതികളും അതുപോലെതന്നെ അവയെ വകതിരിച്ചു സന്നദ്ധമാക്കി വേണ്ടവ വേണ്ടവിധം വേണ്ടദിക്കിൽ എടുത്തു പ്രയോഗിക്കാനുള്ള കൗശലം; ദോഷങ്ങൾ വല്ലതും ഉള്ളിൽ നുഴഞ്ഞുകയറി അസ്വാരസ്യം വരാതിരിക്കാൻ കരുതിനില്ക്കുന്ന പാണ്ഡിത്യരക്ഷാപ്രാകാരം; കവിഹൃദയവാനും സഹൃദയനും ആയ ശ്രീമാൻ പരമേശ്വരയ്യരുടെ കാവ്യതല്ലജങ്ങൾ ആത്മനിർവൃതിപ്രദങ്ങളല്ലാതെ വരാതിരിക്കാൻ പാടില്ലതന്നെ.

'അക്കരപ്പച്ച'യിലെ ചില വരികൾ ഉദ്ധരിച്ച് അതിന്റെ പാവനമായ സൗകുമാര്യത്തെയും മനോഹരത്വവൈഭവത്തെയും ഉദാഹരിക്കണമെന്നുള്ള മോഹംകൊണ്ട് അതു് ആദ്യന്തം പലതവണ ഞാൻ വായിച്ചു. കവിത മുഴുവൻ ഒരുപോലെ ഗുണസമ്പൂർണ്ണം. എന്റെ ശ്രമം നിഷ്ഫലമായി. എന്നു മാത്രമല്ല പരസ്പരം പ്രഭാകിരണങ്ങൾ സമ്മേളിപ്പിച്ച് പ്രകാശധോരണി ഉദ്ഗമിച്ചുകൊണ്ടിരിക്കുന്ന ഒരു അംഗുലീയത്തിന്മേലുള്ള വജ്റങ്ങളിൽ ചിലവയെ അവയുടെ ഭംഗി കാണിക്കാനായി കുത്തിപ്പറിച്ചെടുക്കുന്ന ഒരു സാഹസപ്രവൃത്തിയാണ് അതു് എന്ന് എനിക്കു തോന്നുകയുംചെയ്തു. ശ്ലോകമേറുന്നതെങ്കിലും ഗാത്രം വളരെ ചെറുതായ ഈ കാവ്യഭൂഷണം ഉള്ളംകയ്യിലെടുത്തു വേണ്ടപോലെ നോക്കിക്കണ്ടനുഭവിക്കാൻ പ്രയാസവുമില്ല.

പ്രകൃതിനിരീക്ഷണത്തിലുള്ള അപരിമേയമായ പാടവം വാഗ്ദേവതയാൽ അനുഗൃഹീതമായ വാസനാബലത്തോടു സമ്മേളിച്ചതിന്റെ മധുരഫലങ്ങളാണ് ഇതിൽ പ്രദർശിപ്പിച്ചിട്ടുള്ള ശ്രീമാൻ നാരായണക്കുമാരന്റെ കവിതകൾ. അശക്തിയാൽ നമുക്കദൃശ്യമായി ചുഴലവും വിലസിക്കൊണ്ടിരിക്കുന്ന എന്ന് 'അക്കരപ്പച്ച'കൊണ്ടു സ്ഥാപിക്കപ്പെട്ട അഖണ്ഡാനന്ദപ്രദമായ പ്രകൃതിസൗന്ദര്യം, ഏതോ അഞ്ജനസേചനത്താലെന്നപോലെ, നമ്മുടെ കണ്ണു തെളിച്ചു കാട്ടിത്തരുമ്പോൾ ആർതന്നെ ആഹ്ളാദംകൊണ്ടു തുള്ളിച്ചാടുകയില്ല? കവിയുടെ ഭാവനാശക്തിയാകുന്ന കാചപ്രകാണ്ഡത്തിലൂടെ വിശങ്കടവിശദമായി ദൃശ്യമാകുന്ന അവയിലെ തത്വരശ്മികൾ നമ്മുടെ അന്തരാത്മാവിനെ സ്പർശി

Digitized By Kerala Sahitya Akademi

ക്കയും ചെയ്യുന്നു. ആകെക്കൂടി ലളിതകോമളമായ ആകാരസുഷമയും, ഗഭീരമധുരമായ ആശയസമ്പുഷ്ടിയും, ആത്മോത്കാരകമായ ആദർശമഹിമയും ചേർന്ന് ആലോചനാമൃതമായ സരസ്വതീവിലസിതമെന്നേ പറയേണ്ടൂ.

---

(എൻ. നാരായണൻ ഇളയത്, ബി. എ., ബി. എഡ്.)

ഭാഷാസാഹിത്യനഭസ്സിൽ ഉജ്ജ്വലമായി പ്രകാശിക്കുന്ന രണ്ടു കവിതാരകങ്ങളുടെ കവിതകളാണ് "രണ്ടു താരങ്ങൾ" എന്ന കൃതിയിൽ അടങ്ങിയിരിക്കുന്നത്. ഉള്ളൂർ, വള്ളത്തോൾ എന്നീ നാമധേയങ്ങൾ കേരളക്കരയിലെങ്ങും കേളികേട്ടവയാണ്. സാഹിത്യോപവനത്തിൽ ബഹുപരികരരായ ഈ അനുഗൃഹീതകവികൾ 'ഉള്ളൂർ വള്ളത്തോൾ' വായനശാലയിൽ കരുണാമസൃണമായ കടാക്ഷം പതിപ്പിച്ചതിന്റെ പരിണതഫലമായിട്ടത്രേ ഈ 'രണ്ടു താരങ്ങൾ' പ്രകാശിക്കുവാൻ ഇടയായത്.

മഹാകവി ഉള്ളൂരിന്റെ അക്കരപ്പച്ച എന്ന ആപാദമധുരമായ മഞ്ജരിയാണ് ഇതിലെ ആദ്യത്തെ കവിത.

തൻ പരിതഃസ്ഥിതിസർവവും സൌന്ദര്യ
സമ്പന്നമായ്ക്കാണ്മോൻ തന്നെ ധന്യൻ

എന്ന വിശിഷ്ടതത്ത്വത്തെ ഉദ്ബോധിപ്പിക്കുവാൻ ഈ കവിതാമുഖാന്തിരം മഹാകവി പരിശ്രമിക്കുന്നു. ഗ്രാമത്തിന്റെ സമീപത്തുള്ള കോമളമായ കുന്നിലിരുന്നുകൊണ്ട് സ്വച്ഛന്ദചാരിയായ ഒരു ബാലൻ അകലെയായി ഒരു മാമല കാണുന്നു. പോക്കുവെയിൽകൊണ്ടു പൊൻപണ്ടമണിഞ്ഞും നീലാകാശംകൊണ്ടു തൊപ്പിവച്ചും തൂമഞ്ഞുകൊ. നേരിയ വെൺപട്ടുടുത്തും പ്രത്യക്ഷപ്പെട്ട ആ മനോഹരശൈലം ലകന്റെ ഹൃദയസരസ്സിൽ ചില അലകൾ ഇളക്കുകതന്നെ ചെയ്തു. അങ്ങോട്ടു ചെന്നെത്താൻ അവന്റെ ഹൃദയം ഉൽക്കണ്ഠപ്പെട്ടു. കുണ്ടുകിണററിലെ കൊച്ചുമീനിനെപ്പോലെ ജീവിക്കാതെ ഹൃദ്യവും സുഭഗവുമായ ആ ശൈലപ്രദേശത്തു ചെല്ലാൻ അവൻ അഭിലഷിച്ചു. അവന്റെ ഹിതമറിഞ്ഞ് ഒരു ദേവത ഒരു നിമേഷനേരംകൊണ്ട് അവനെ ആ പർവതപ്രദേശത്ത് എത്തിച്ചു. പക്ഷേ പണ്ടു കണ്ട മോഹനതയൊന്നും അവിടെ ഇല്ല.

Digitized By Kerala Sahitya Akademi

പായൽപടർന്നൊരപ്പാറപ്പരപ്പുകൾ
പാദങ്ങൾപുണ്ണാക്കും മുൾച്ചെടികൾ
പാതിരാച്ചൂരികൾ പാഴ്ക്കനകാനങ്ങൾ
പാതാളംകാട്ടുംവിടവിടകൾ.

ഇതൊക്കെയാണ് അവിടത്തെ കാഴ്ച. നിശ്ശബ്ദമായ ആ ഗിരിയിൽ എല്ലാം ദുർഘടവും കർക്കശവുമായിരുന്നു. അവരു് പണ്ടത്തെ കുന്നിലേക്കു പോയാൽ മതി എന്നു തോന്നിത്തുടങ്ങി. ചിരകാലപരിചയംമൂലം അവിടത്തെ കഷ്ടതകൾ സഹ്യമായിത്തീർന്നിട്ടുണ്ടായിരുന്നു.

'Distance lends charm to the view' എന്ന തത്ത്വം പ്രത്യക്ഷരം പരമാർത്ഥമാണെന്നു മഹാകവി സോദാഹരണം ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന്റെ ജീവിതദശയിൽ ഇത്തരം അനുഭവങ്ങൾ ഉണ്ടാകുക സർവസാധാരണമാണു്. ഓരോരുത്തരും അവനവന്റെ ജീവിതത്തെ വേറെ ചിലരുടെ ജീവിതത്തോടു താരതമ്യപ്പെടുത്തുകയും അതിന്റെ ഫലമായി അവരുടെ ജീവിതം സുഖനിർഭരവും ഫലഭരിതവുമാണെന്നു് തീർച്ചപ്പെടുത്തുകയും ചെയ്യാറുണ്ടു്. എന്നാൽ ആ ജീവിതത്തിന്റെ അസുഖങ്ങളേയോ അശാന്തിയേയോപറ്റി ചുഴിഞ്ഞു് ചിന്തിക്കുവാൻ കെല്പില്ലാതെ ആ അക്കരപ്പച്ചയിൽ അകംമയങ്ങി അനന്തമായി ആധിപ്പെടുന്നവർ ധാരാളമുണ്ടു്. ഇതുപോലെതന്നെ ഒരു ജീവിതാവസ്ഥയിൽ കഴിഞ്ഞുകൂടുമ്പോൾ വേറൊരു പരിതഃസ്ഥിതിയിലായിരുന്നെങ്കിൽ നന്നായിരുന്നു എന്നു് ചപലനും ബുദ്ധിശൂന്യനുമായ മനുഷ്യൻ ചിന്തിച്ചുപോകുന്നു. ഇതും ഒരുതരം അക്കരപ്പച്ചതന്നെ. ഈ തത്ത്വങ്ങളാണു് മഹാകവി അദ്ദേഹത്തിന്റെ കവിതയിൽ ഉള്ളടക്കംചെയ്തിരിക്കുന്നതു്. സുഭഗമായ ശയ്യാഗുണം, ലളിതമായ പ്രതിപാദനാരീതി, അചുംബിതമായ ഉല്ലേഖപരമ്പര, ഭാവഗംഭീരമായ തത്ത്വപ്രകാശനം ഇവ ഈ കവിതയെ ആപാദചൂഡം അഭിരാമമാക്കുന്നു. ചെറുശ്ശേരിയിലെ കവിതാദേവിയുടെ മഞ്ജീരശിഞ്ജിതമാണു് അക്കരപ്പച്ചയിൽ ആദ്യന്തം മുഴങ്ങുന്നതു്. അകൃത്രിമമായ അലങ്കാരങ്ങൾ, അസുലഭമായ ആശയരത്നങ്ങൾ ഇവ ഈ കവിതയിൽ എവിടെയും കാണാം. അവയുടെ ആസ്വാദ്യതയിൽ സഹൃദയന്റെ ഹൃദയം ആനന്ദഗംഗയിൽ ആറാടുകതന്നെ ചെയ്യും.

മഹാകവി **വള്ളത്തോളിന്റെ** പ്രകൃതിയുടെ മനോരാജ്യം സായംകാലത്തെ ആകാശത്തിന്റെ ആകർഷകതയെ വർണ്ണിക്കുന്ന ഒരു കാവ്യഖണ്ഡമാണു്. കാർമുകിൽക്കഷ്ണങ്ങളാമക്ഷരങ്ങളാൽ നിറഞ്ഞ

Digitized By Kerala Sahitya Akademi

ഴുകുന്ന പരസ്യക്കടലാസ്സാണ് പശ്ചിമാകാശത്ത് കാണുന്നതെന്ന് കവി ഉൽപ്രേക്ഷിക്കുന്നു. പ്രതിനിമിഷം ആകൃതിമാറുന്ന ആ മേഘശകലങ്ങൾ കാട്ടാനക്കിടാവിൻെറയും പച്ചിലക്കാവിൻെറയും വേഷങ്ങൾ മാറിമാറി കൈക്കൊള്ളുന്നു.

സായംസന്ധ്യയുടെ പൊൻപൊന്നിനെ കയററിക്കൊണ്ടുപോകാൻ കാറുകൊണ്ടുള്ള കപ്പലുകൾ അവിടെ ധാരാളം കാണപ്പെടുന്നു. ഇതെല്ലാം കവിയുടെ മനോരാജ്യങ്ങളോ ദിവാസ്വപ്നങ്ങളോ ആണെന്നും അതിനെ പ്രകൃതി അപഹസിക്കാൻവേണ്ടി പകർത്തിക്കാണിക്കയാണെന്നും മഹാകവി ശങ്കിക്കുന്നു. മനംകൊണ്ടു കോട്ടകെട്ടലും, കപ്പൽ പണിയലും തൊഴിലാക്കിയിരിക്കുന്ന കവിയെപ്പോലെ പ്രകൃതിയും മനോരാജ്യംകൊള്ളുന്നതിൻെറ പ്രത്യക്ഷപ്രകടനങ്ങളാണ് ഇവ എന്നു കവി സമാധാനിക്കുന്നു. സർവാനന്ദജനകമായ സാന്ധ്യാകാശത്തിൻെറ രാമണീയകം ഭംഗിയായി ഇതിൽ ചിത്രീകരിച്ചിട്ടുണ്ട്.

“കേളഗാനത്തോടൊത്ത തത്തപ്പെൺമണി തത്തിക്കളിച്ചു തളിർ ചെച്ചടിപ്പടപ്പാ”യ ആ തുഞ്ചൻപറമ്പിൽനിന്ന് ഒരുകാലത്തു പുറപ്പെട്ട ലോലമോഹനമായ മധുരഗീതമാണ് ഉൾക്കുളിരുകളോടെ നാം ഇവിടെ കേൾക്കുന്നത്.

രമണീയമായ വസന്തകാലത്തിൻെറ ആരംഭത്തിൽ സുന്ദരമായ ചെങ്കതിരാട ധരിച്ചു പ്രശോഭിക്കുന്ന ഒരു ഒട്ടുമാവിൻെറ വർണ്ണനയോടുകൂടി 'നാല്ക്കാലിയും ഇരുകാലിയും' എന്ന കവിത ആരംഭിക്കുന്നു. പല്ലവനിബിഡമായ ആ ഒട്ടുമാവിൽനിന്നും കോകിലത്തിൻെറ പഞ്ചമാലാപം പുറപ്പെട്ടുകാണാത്തതിൽ കവി പരിതപിക്കുന്നു. വിശപ്പുകൊണ്ടു വിവശമായ ഒരു ആടിൻെറ ആവിർഭാവവും, മുങ്കാലു രണ്ടുമെടുത്ത് ഒരു ശാഖയിൽ കൊളുത്തിച്ച് നിവർന്നുനിന്ന ആ നാല്ക്കാലിയുടെ ഇരുകാലിനിലയും കവിയെ തത്വചിന്തയിലേക്കു നയിക്കുന്നു. മരണമാകുന്ന ഭീഷണസത്വത്തിൻെറ സന്തതസാന്നിദ്ധ്യത്തെ ലേശവും വകവയ്ക്കാതെ 'ഉദരഭരണവ്യഗ്രതയിൽ മഗ്ന'നായി ജീവിക്കുന്ന മനുഷ്യൻെറ മായത്തരത്തെ കവി അപഹസിക്കയും അവൻ നാല്ക്കാലിയോടു തുല്യമായ ഒരുതരം ഇരുകാലിമൃഗമാണെന്നു സമർത്ഥിക്കുകയും ചെയ്യുന്നു.

ഇന്നത്തെ കാവ്യലോകത്തെപ്പററിയുള്ള ചില ചിന്തകൾകൂടി ഈ കവിതയിൽ പ്രതിധ്വനിക്കുന്നുണ്ടെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. രസശൂന്യവും വൃഥാസ്ഥൂലവുമായ നാല്ക്കാലിപദ്യങ്ങൾ പ്രസ്തുത

Digitized By Kerala Sahitya Akademi

കൃതിയിലെ ആടിനെപ്പോലെ ഭാഷാസാഹിത്യമാകുന്ന ഒട്ടമാവിന്റെ ഭംഗിക്കും മേന്മയ്ക്കും വളരെ നാശം ചെയ്യുന്നു. ഇന്നു വർദ്ധിച്ചുവരുന്ന ദ്രാവിഡവൃത്തത്തിലുള്ള ഈരടികളാകുന്ന ഇത്തക്കാലികളിൽ പലതും മുൻപറഞ്ഞ നാൽക്കാലികളുടെ ഒരു രൂപഭേദം മാത്രമാണ്. അസുന്ദരവും അപശബ്ദബഹുലവുമായ ദുഷ്കവിതയുടെ നിരന്തരമായ ആവിർഭാവംനിമിത്തം കോമളകണ്ഠരായ കവികോകിലങ്ങൾ മൌനവ്രതം അവലംബിക്കുന്നു. ഏതാദൃശമായ സാഹിത്യചിന്തകൾ ഈ കവിതയിൽ അടങ്ങിയിട്ടുണ്ടെന്ന് ഈ വരികൾ സൂചിപ്പിക്കുന്നു.

നാനാവിധങ്ങളാം തീക്ഷ്ണാപശബ്ദങ്ങൾ
നാൾതോറുമേറുന്ന നാട്ടിലെങ്ങും
നാമിനിമൌനമേകൈക്കൊൾകെന്നുറച്ചിതോ
കോമളകണ്ഠരാം കോകിലങ്ങൾ.

ചുരുക്കിപ്പറഞ്ഞാൽ, ഭാവനാപരിപൂർണ്ണവും വ്യംഗഭംഗിതരംഗിതവുമായ ഈ കവിതയും ആപാതമധുരവും ആലോചനാമൃതവുമായിട്ടുണ്ടെന്നു സഹൃദയന്മാർ സശിരഃകമ്പം സമ്മതിക്കും.

'ഉള്ളൂർവള്ളത്തോൾ' വായനശാലാപ്രവർത്തകന്മാരുടെ പ്രശംസനീയമായ പരിശ്രമത്തിന്റെ ഫലമായി ഉദയം ചെയ്യുന്ന ഈ കാവ്യതാരം ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ നിസ്തുലകാന്തിയോടുകൂടി പ്രകാശിക്കും എന്ന് നിസ്സന്ദേഹം അഭിപ്രായപ്പെടാം.

---

അഭിനയിക്കുവാനും വായിക്കുവാനും കൊള്ളാവുന്ന നാടകങ്ങൾ

| | രൂ. | ണ. | പ |
|---|---|---|---|
| [illegible] | 1 | 0 | 0 |
| [illegible] (2-ാംപതിപ്പ്) | 1 | 0 | 0 |
| [illegible] | 0 | 12 | 0 |
| വ്യവഹാരി[illegible] | 0 | 12 | 0 |
| [illegible] | 1 | 0 | 0 |
| [illegible] | 1 | 0 | 0 |

Digitized By Kerala Sahitya Akademi

ഉച്ചഭക്ഷണവും അത്താഴവും കഴിഞ്ഞു്
സ്ത്രീകൾ പുസ്തകപാരായണം ചെയ്തു് സ്വയം സംസ്കാരം
സമ്പാദിക്കുക!!

## പ്രേമാർപ്പണം.

തൃച്ചാററുകുളം കെ. പി. നായരുടെ ആദ്യന്തരമണീയവും വിവിധവികാരദ്യോതകവുമായ ഒരു പുതിയ നോവൽ. 526-പേജുള്ള ഈ വലിയപുസ്തകത്തിനു് വില രൂ. 2

## പ്രേമസാഫല്യം

തൃച്ചാററുകുളം കെ. പി. നായർ, പരമ നവീനമായ മാതൃകയിൽ രചിച്ചതും, വായിക്കുവാൻ തുടങ്ങിയാൽ അവസാനം കാണുന്നതുവരെ ഒരേഇരുപ്പിൽ ഇരുന്നുപോകുന്നതും, നവരസങ്ങളും സമ്മേളിച്ചു് സജീവമായ സന്ദർഭങ്ങളെ പ്രദാനം ചെയ്യുന്നതുമായ പുതിയ സാമുദായിക നോവൽ 400ൽ പരം പേജുകൾ! വിലയോ 1 ക 8 ണ

## ശിപായിലഹള

1857-ലെഝാൻസീറാണീവിപ്ലവത്തെ അതേപടി പകർത്തിക്കാണിക്കുന്ന, അതിഭയങ്കരവും അത്യന്തദയനീയവും വിവിധ സംഭവബഹുലവുമായ ആഖ്യായിക 400 ഓളം പേജുകൾ! വില രൂപാ. 2.

## സിനിമാനടി

ഡാക്ടറർ പി. എസ്സ്. നായരുടെ, സർവ്വഫലിതസുന്ദരവും, സംഭവബഹുലതയാൽ വിവിധവികാരദ്യോതകവും ആയ പരമസുന്ദരമായ പുതിയനോവൽ!
350-ൽ പരം പേജുകൾ! വില രൂപാ. 1 ണ 8

## റാണിമല്ലിക

ഡാക്ടറർ പി. എസ്സ്. നായരുടെ, ലാവണ്യം വഴിഞ്ഞൊഴുകുന്ന, നവരസദ്യോതകമായ--സംഭ്രമജനകമായ പുതിയ നോവൽ 350-ൽ പരം പേജുകൾ!

വില രൂപാ. 1. ണ 8.

N. B. മററു് എല്ലാവിധപുസ്തകങ്ങളും വില്പനയ്ക്കുണ്ടു്.
വലിയ ക്യാററലാഗിനെഴുതുക!

Apply to,

വിദ്യാരംഭം പ്രസ്സ് & ബുക്കുഡിപ്പോ,
ആലപ്പുഴ —തിരുവിതാംകൂർ

Digitized By Kerala Sahitya Akademi